بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 7

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 29

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ജൂലായ് 21/ഹി.ശം. 1401 വഫാ 21/ഹിജ്റ 1443 ദുൽഹജ്ജ 21

## അല്ലാഹുവിന്റെ വചനം

وَاِذَا رَاَيۡتَ الَّذِيۡنَ يَخُوۡضُوۡنَ فِىۡۤ
اٰيٰتِنَا فَاَعۡرِضۡ عَنۡهُمۡ حَتّٰى يَخُوۡضُوۡا
فِىۡ حَدِيۡثٍ غَيۡرِهٖ ؕ وَاِمَّا يُنۡسِيَنَّكَ
الشَّيۡطٰنُ فَلَا تَقۡعُدۡ بَعۡدَ الذِّكۡرٰى مَعَ
الۡقَوۡمِ الظّٰلِمِيۡنَ ۝ (الانعام : 69)

'നമ്മുടെ ദൃഷ്ടാന്തങ്ങളെ സംബന്ധിച്ച്(വിമർശിച്ചുകൊണ്ട്) വ്യർഥഭാഷണം നടത്തുന്നവരെ നീ കണ്ടാൽ അവർ മറ്റൊരു വർത്തമാനത്തിൽ പ്രവേശിക്കുന്നതുവരെ നീ അവരിൽനിന്ന് മാറിനില്ക്കുക. പിശാച് വല്ലപ്പോഴും നിനക്ക് മറവി വരുത്തുന്നതായാൽ ഓർയായതിനുശേഷം അധർമകാരികളോടൊപ്പം നീ ഇരിക്കരുത്.'(6:69)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

(2065) ഹദ്റത്ത് ആഇശ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:ഒരു സ്ത്രീ അവളുടെ വീട്ടിലെ ആഹാര പദാർഥങ്ങളിൽനിന്ന് നശിപ്പിക്കണമെന്ന ദുരുദ്ദേശ്യമില്ലാതെ ദാനം ചെയ്താൽ ദാനം ചെയ്തതിന്റെ പ്രതിഫലം അവൾക്കുണ്ട്. അധ്വാനിച്ചുണ്ടാക്കിയതിന്റെ പ്രതിഫലം അവളുടെ ഭർത്താവിനും അതുപോലുള്ള പ്രതിഫലം അതിന്റെ കാവൽക്കാരനും ലഭിക്കും. അവരിൽ ആർക്കും മറ്റേയാൾക്കു കൊടുത്തതുകാരണം പ്രതിഫലം ചുരുങ്ങുകയില്ല.

(2066) അബൂഹുറയ്റ നിവേദനം. നബി(സ)തിരുമേനി പറഞ്ഞു, ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ സമ്പാദ്യത്തിൽനിന്ന് അദ്ദേഹത്തിന്റെ നിർദേശമില്ലാതെതന്നെ ചെലവു ചെയ്താൽ പ്രതിഫലത്തിന്റെ പകുതി അവൾക്കുണ്ട്.*(സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബുൽബുയൂഅ്, പ്രസാധനം 2008 ഖാദിയാൻ)*

ahmadipedia.org
AHMADIPEDIA
Search

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)

### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 10 ജൂൺ 2022 സമ്പൂർണ പരിഭാഷ

ഖുത്വ്ബ തുടർച്ച 03 ജൂൺ 2022

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## മുത്തഖികൾക്കുവേണ്ടി വലിയ വലിയ വാഗ്ദാനങ്ങളാണുള്ളത്. അല്ലാഹു മുത്തഖീങ്ങളുടെ വലിയ്യ് അഥവാ മിത്രമാകുന്നു. ഇതിനെക്കാൾ വലുത് മറ്റെന്താണുള്ളത്?

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

ഇനി ഇതിനുശേഷം വീണ്ടും ഞാൻ യഥാർഥ ഉദ്ദേശ്യത്തിലേക്ക് വരികയാണ്. മുത്തഖിയാരാണെന്ന് പറയുകയാണ്. യഥാർഥത്തിൽ മുത്തഖികൾക്കുവേണ്ടി വലിയ വലിയ വാഗ്ദാനങ്ങളാണുള്ളത്. അല്ലാഹു മുത്തഖീങ്ങളുടെ വലിയ്യ് അഥവാ മിത്രമാകുന്നു. ഇതിനെക്കാൾ വലുത് മറ്റെന്താണുള്ളത്? ദൈവസവിധത്തിലെ പ്രത്യേകസ്നേഹിതരാണെന്ന് പറയുകയും പിന്നീട് മുത്തഖിയല്ലാതിരിക്കുകയും ചെയ്യുന്നവർ കള്ളന്മാരാണ്. എന്നല്ല ആജ്ഞാലംഘനങ്ങളുടേയും കുറ്റകൃത്യങ്ങളുടേയും ജീവിതം നയിക്കുകയും ചെയ്യുന്നു. അവർ അക്രമം ചെയ്യുകയും ദേഷ്യപ്പെടുകയും ചെയ്യുന്നു; അവർ വിലായത്തിന്റേയും ദൈവസാമീപ്യത്തിന്റേയും ദർജയിലേക്ക് തങ്ങളെ ബന്ധിപ്പിക്കുമ്പോഴാണിത്. കാരണം അല്ലാഹു അതിനോടൊപ്പം മുത്തഖിയാകണമെന്ന നിബന്ധന വെച്ചിരിക്കുന്നു.

മറ്റൊരു നിബന്ധനയും വെക്കുന്നുണ്ട്. അല്ലെങ്കിൽ ഇങ്ങനെ പറയാം:മുത്തഖികളുടെ ഒരു അടയാളം പറയുന്നു, ഇന്നല്ലാഹ മഅല്ലദീനത്തഖൗ അല്ലാഹു അവരോടൊപ്പമുണ്ടാകുന്നു. അതായത് മുത്തഖിയായവരെ അവൻ സഹായിക്കുന്നു. അല്ലാഹു കൂടെയുണ്ടെന്നുള്ളതിന്റെ തെളിവ് അവന്റെ സഹായത്തിൽനിന്നുതന്നെയാണ് ലഭിക്കുന്നത്. വിലായത്തിന്റെ ആദ്യത്തെ വാതിൽ അങ്ങനെയങ്ങ് അടഞ്ഞു. ഇപ്പോൾ രണ്ടാമത്തെ വാതിൽ സഹവാസത്തിന്റേയും ദൈവസഹായത്തിന്റേയും ഇങ്ങനേയും അടഞ്ഞു. ഓർമിച്ചുകൊള്ളുക!അല്ലാഹുവിന്റെ സഹായം ഒരിക്കലും അവിശുദ്ധന്മാർക്കും ആജ്ഞാലംഘകർക്കും ലഭിക്കുകയില്ല.

പിന്നീട് മറ്റൊരു വഴിയുണ്ട്. മനുഷ്യൻ പ്രയാസങ്ങളിലും വിപത്തുകളിലും അകപ്പെടുന്നു. വിവിധ ആവശ്യങ്ങൾ അവന് ഉണ്ടാകുന്നു. അതിന്റെ പരിഹാരത്തിനും അതകറ്റുന്നതിനും തഖ്‌വായെ തന്നെയാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്. ജീവിതവിഭവത്തിന്റെ ഞെരുക്കളിൽനിന്നും മറ്റു ഞെരുക്കങ്ങളിൽനിന്നും രക്ഷപ്പെടാനുള്ള വഴി തഖ്‌വാ അഥവാ ഭക്തിതന്നെയാണ്. പറഞ്ഞു:വമൻയ്യത്തഖില്ലാഹ യജ്അല്ലഹൂ മഖ്റജൻ വ്വ യർസുഖ്ഹു മിൻ ഹയ്ഥു ലാ യഹ്തസിബു വല്ലനും അല്ലാഹുവിനെ സൂക്ഷിക്കുന്നതായാൽ അവന് അല്ലാഹു (വിഷമങ്ങളിൽനിന്ന്)രക്ഷപ്പെടാനുള്ള മാർഗമുണ്ടാക്കിക്കൊടുക്കുന്നതാണ്. അവനുദ്ദേശിക്കാത്ത ഭാഗത്തൂടെ അല്ലാഹു അവന് ഉപജീവനം നല്കുകയും ചെയ്യും.*(മൽഫൂദാത്ത് വാല്യം 1, പേജ് 379, പ്രസാധനം 2018 ഖാദിയാൻ).*

## നുബുവ്വത്ത് കൂടാതെ ഒരിക്കലും ലോകത്തിന് അതിന്റെ അവകാശങ്ങളെ നിലനിറുത്താൻ സാധ്യമല്ല. ഈ നിഅ്മത്ത് ലോകത്തിന് ആവർത്തിച്ച് കിട്ടാത്തിടത്തോളം മനുഷ്യന്റെ ചുവട് പുരോഗതിയിലേക്ക് ഉയരുകയില്ല.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ നഹ്‌ലിലെ ***വല്ലാഹു ഫള്ളല ബഅ്ളുക്കും അലാ ബഅ്ളിൻ ഫിർരിസ്ഖി ഫമല്ലദീന ഫുള്ളിലൂ ബിറാദ്ദീ രിസ്ഖിഹിം അലാ മാ മലക്കത്ത് അയ്മാനുഹും ഫഹും ഫീഹി സവാഉൻ അഫബിനിഅ്മത്തില്ലാഹി യജ്ഹദൂൻ*** (16:72) (നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കാൾ അല്ലാഹു ജീവിതവിഭവങ്ങളിൽ ശ്രേഷ്ഠരാക്കിയിരിക്കുന്നു. എന്നാൽ, ശ്രേഷ്ഠരാക്കപ്പെട്ടവർ തങ്ങളുടെ വിഭവങ്ങൾ തങ്ങളുടെ അടിമകൾക്ക് അവരെല്ലാം തുല്യരാകുമാറ് വിട്ടു കൊടുക്കുന്നവരല്ല. അപ്പോൾ അല്ലഹുവിന്റെ അനുഗ്രഹത്തെ അവർ നിരാകരിക്കുകയാണോ?) എന്ന 72-ാമത്തെ വചനത്തിന് നല്കിയ തഫ്സീറിൽ പറയുന്നു: 'രാജ്യങ്ങളുടേയും ഭരണങ്ങളുടേയുമേൽ ആധിപത്യം സ്ഥാപിക്കുന്നവരുടെ ഏറ്റവും വലിയ തന്ത്രം ലോകത്തിന്റെ ഭരണവ്യവസ്ഥിതി യോഗ്യരായ ആളുകളുടെ കൈയിലിരിക്കേണ്ടതാണെന്നായിരിക്കും. അവർ ചില കുടുംബങ്ങളേയും വീട്ടുകാരേയും യോഗ്യതയ്ക്കുവേണ്ടി പ്രത്യേകപ്പെടുത്തി എടുക്കുകയും രാജ്യഭരണം സ്ഥാപിതമാകുകയും ചെയ്യുന്നു. ചില കുടുംബങ്ങൾ ഭരിക്കുന്നതിന് അർഹരാണെന്ന് നിശ്ചയിക്കപ്പെടുകയും ചെയ്യുന്നു. പൊതുജനങ്ങളിൽനിന്ന് എന്തെങ്കിലും അഭിപ്രായം ആരായുകയോ തങ്ങളുടെ ഭരണസംവിധാനങ്ങളിൽ എന്തെങ്കിലും കൈകടത്താൻ അവരെ വിടുകയോ ചെയ്യുകയില്ല. ഇതിനു പുറമെ മനുഷ്യരുടെ കുറച്ചു അവകാശങ്ങൾ മതനേതാക്കന്മാരും പീറുമാരും ചെപ്പടിവിദ്യക്കാരും തട്ടിപ്പറിച്ചെടുക്കുന്നു. ദീനിനെ പണ്ഡിത്ത് മാരുടേയും മൗലവിമാരുടേയും പാതിരിമാരുടേയും സ്വത്തായി നിശ്ചയിക്കപ്പെടുന്നു. പൊതുജനങ്ങളെ മതകാര്യങ്ങളുടെ അറിവുള്ളവരാക്കുകയോ അതിനോടു എന്തെങ്കിലും താൽപര്യമുള്ളവരാക്കാനുള്ള അവസരമോ നല്കുകയില്ല. അതുകൊണ്ട് അവരുടെ ജോലി മതനേതാക്കന്മാർ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അംഗീകരിക്കുക എന്നതാണെന്ന് കരുതപ്പെടുന്നു. മതപരമായ ഗ്രന്ഥങ്ങളിൽ സ്വയം ചിന്തിക്കുക എന്നതും അതിൽനിന്ന് ഫലമെടുക്കുക എന്നതും അവരുടെ ജോലിയല്ലത്രേ!

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഹദ്റത്ത് അബൂബക്ർ[റ] ചോദിച്ചു: അബൂഖയ്ഥമാ എന്താണ് വാർത്ത? അദ്ദേഹം പറഞ്ഞു: എല്ലാം നല്ലതുതന്നെ. അല്ലയോ അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയായുള്ളോവേ! നമുക്ക് യമാമയിൽ വിജയം ലഭിച്ചിരിക്കുന്നു താങ്കൾക്കുള്ള ഖാലിദിന്റെ കത്ത് സ്വീകരിച്ചാലും. അബൂബക്ർ ഉടൻ അല്ലാഹുവിനെ സാഷ്ടാംഗം പ്രണമിച്ചു.**

**നബി[സ] തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്[റ]ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**യമാമ യുദ്ധത്തിന്റെ അവസ്ഥകളുടേയും സംഭവങ്ങളുടേയും വിശദീകരണം**

**മുസയ്‌ലിമത്തുൽ കദ്ദാബിന്റെ വധ സംഭവവിവരണം**

**ഖുത്ബ ജുമുഅ 2022 ജൂൺ 10/1401 ഇഹ്സാൻ 10, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○
اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഹദ്റത്ത് അബൂബക്ർ[റ]നെ സംബന്ധിച്ചുള്ള സ്മരണയിൽ യമാമ യുദ്ധത്തെക്കുറിച്ചുള്ള പരാമർശമാണ് നടന്നുകൊണ്ടിരുന്നത്. തൽസംബന്ധമായി കൂടുതലായി പരാമർശിക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് അബൂ സയീദ് ഖുദ്രി[റ] വിവരിക്കുന്നു, ഞാൻ അബ്ബാദ് ബിൻ ബിശ്ർ ഇപ്രകാരം പറയുന്നതായി കേട്ടിട്ടുണ്ട്, അബൂ സയീദേ!ഞങ്ങൾ ബുസാഖയിലെ ഉദ്യമം അവസാനിച്ചപ്പോൾ അന്ന് രാത്രി ആകാശം തുറക്കപ്പെടുകയും പിന്നീട് എനിക്ക് മുന്നിൽ അടക്കപ്പെടുന്നതായും ഞാൻ സ്വപ്നത്തിൽ കാണുകയും ചെയ്തു. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ശഹാദത്താകുന്നു. അബൂസയീദ്[റ] പറയുന്നു, ഇൻശാഅല്ലാഹ് എന്തു സംഭവിച്ചാലും അത് ഉത്തമമായിരിക്കുമെന്ന് ഞാൻ പറഞ്ഞു. അദ്ദേഹം പറയുന്നു: 'യമാമയുടെ ദിവസം അദ്ദേഹം അൻസ്വാറിനെ തന്റെ അടുക്കൽ വിളിച്ചുകൊണ്ടിരിക്കുന്നത് ഞാൻ കാണുകയുണ്ടായി. അന്നേരം 400 പടയാളികൾ മടങ്ങിവന്നു. ബറാഅ് ബിൻ മാലിക്കും അബൂദുജാനയും അബ്ബാദ് ബിൻ ബിശറും അവരിൽ മുൻപന്തിയിലുണ്ടായിരുന്നു. അങ്ങനെ അവരെല്ലാവരും തോട്ടത്തിന്റെ കവാടത്തിലെത്തി. ശഹാദത്ത് വരിച്ചശേഷം അബ്ബാദ് ബിൻ ബിശറിന്റെ മുഖത്ത് വാളുകൊണ്ടുള്ള ധാരാളം മുറിവുകൾ ഞാൻ കണ്ടു. അദ്ദേഹത്തിന്റെ ശരീരത്തിലുണ്ടായിരുന്ന ഒരു അടയാളം മുഖേനയാണ് ഞാൻ അദ്ദേഹത്തെ തിരിച്ചറിഞ്ഞത്.

പിന്നീട് ഹദ്റത്ത് ഉമ്മു അമ്മാറയെ സംബന്ധിച്ചുള്ള വിരണമാണ്. ഇസ്‌ലാമിക ചരിത്രത്തിലുള്ള വളരെ ധീരയായ സ്ത്രീകളിൽപ്പെട്ട ഒരു സ്വഹാബി വനിതയായിരുന്നു അവർ. അവരുടെ പേര് നസീബ ബിൻത് കഅ്ബ് എന്നായിരുന്നു. അവർ ഉഹുദ് യുദ്ധത്തിലും പങ്കെടുക്കുകയും വളരെ ധീരതയോടെ പോരാടുകയും ചെയ്തിട്ടുണ്ട്. മുസ്‌ലിമീങ്ങൾ വിജയികളായിരുന്ന സമയംവരെ അവർ തുകൽ സഞ്ചിയിൽ വെള്ളം നിറച്ച് ആളുകളെ കുടിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ, പരാജയമുണ്ടായപ്പോൾ നബി[സ] തിരുമേനിയുടെ അടുത്തെത്തുകയും നെഞ്ചുവിരിച്ച് നിൽക്കുകയും ചെയ്തു. നിഷേധികൾ നബി[സ] തിരുമേനിയുടെ അടുത്തു വന്നപ്പോൾ അവർ വാളുകൊണ്ടും അമ്പുകൊണ്ടും അവരെ തടഞ്ഞിരുന്നു. പിന്നീട് നബി[സ] തിരുമേനി തന്നെ പറഞ്ഞു: 'ഉഹുദിൽ ഞാനവരെ എന്റെ ഇടത്തും വലത്തും അവിരാമം പോരാടിക്കൊണ്ടിരുന്നതായി കണ്ടിരുന്നു.' നബി[സ]യുടെ അടുത്ത് ഇബ്നു ഖമിഅ എത്തിയപ്പോൾ ഉമ്മു അമ്മാറ മുന്നോട്ടു വന്ന് അയാളെ തടയുകയും തൽഫലമായി അയാളുടെ വെട്ടിൽ ഉമ്മു അമ്മാറയുടെ തോളിൽ ആഴത്തിലുള്ള മുറിവുണ്ടാകുകയും ചെയ്തു. അവരും വാളുകൊണ്ട് ആക്രമിച്ചെങ്കിലും അയാൾ ഇരട്ട പടച്ചട്ട ധരിച്ചിരുന്നതിനാൽ ഫലവത്തായില്ല. ഏതായിരുന്നാലും ഇതാണ് ഉമ്മു അമ്മാറയുടെ ചരിത്രപരമായ സ്ഥാനം. തന്റെ മകനായ അബ്ദുല്ലയാണ് മുസയ്‌ലിമ കദ്ദാബിനെ വധിച്ചതെന്നാണ് അവർ പറയുന്നത്. ഹദ്റത്ത് ഉമ്മു അമ്മാറ നേരിട്ട് അന്ന് യമാമ യുദ്ധത്തിൽ പങ്കാളിയായിരുന്നു. അതിൽ അവരുടെ ഒരു കൈ അറ്റുപോകുകയും ചെയ്തിരുന്നു. ഹദ്റത്ത് ഉമ്മു അമ്മാറ പ്രസ്തുത യുദ്ധത്തിൽ പങ്കെടുക്കാനുള്ള കാരണമായി പറയപ്പെടുന്നത്, അവരുടെ പുത്രൻ ഹബീബ് ബിൻ സയ്ദ്, ഹദ്റത്ത് അംറ് ബിൻ ആസ്വിനോടൊപ്പം ഒമാനിലായിരുന്നു. നബി[സ] തിരുമേനി വഫാത്തായപ്പോൾ അവർ ഒമാനിലായിരുന്നു. ഈ വാർത്ത അംറിന് എത്തിയപ്പോൾ അദ്ദേഹം ഒമാനിൽ നിന്നുമടങ്ങി. വഴിയിൽ മുസയ്‌ലിമയുമായി കണ്ടുമുട്ടി. ഹദ്റത്ത് അംറ് ബിൻ ആസ് മുന്നോട്ടു പോയി. ഹബീബ് ബിൻ സയ്ദും അബ്ദുല്ലാഹ് ബിൻ വഹബും പിന്നിലായിരുന്നു. അവരെ രണ്ടുപേരെയും മുസയ്‌ലിമ തടഞ്ഞുവെച്ചു. താൻ അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുന്നോ എന്നവരോടു ചോദിച്ചു. അബ്ദുല്ലാഹ് ബിൻ വഹബ് പറഞ്ഞു: അതെ! മുസയ്‌ലിമ അവരെ ഇരുമ്പു ചങ്ങലയിൽ ബന്ധിക്കുന്നതിന് കല്പിച്ചു. അയാൾക്ക് വിശ്വാസം വന്നിരുന്നില്ല. ഒരുപക്ഷേ, ജീവൻ രക്ഷിക്കാനായിരിക്കും ഇങ്ങനെ പറഞ്ഞതെന്ന അയാൾ കരുതി. ഏതായിരുന്നാലും പിന്നീട് ഹബീബ് ബിൻ സയ്ദിനോട് 'താൻ അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുന്നുവോ എന്ന് അയാൾ ചോദിച്ചപ്പോൾ' 'തനിക്ക് കേൾക്കാൻ കഴിയുന്നില്ല'എന്ന് അദ്ദേഹം മറുപടി പറഞ്ഞു. അയാൾ വീണ്ടും മുഹമ്മദ്[സ] അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുന്നുവോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, അതെ! പിന്നീട് മുസയ്‌ലിമയുടെ കല്പന പ്രകാരം അവരെ തുണ്ടംതുണ്ടമാക്കുകയുണ്ടായി. താൻ അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുന്നുവോ എന്ന് അവരോട് ചോദിച്ചപ്പോഴെല്ലാം തനിക്ക് കേൾക്കാൻ കഴിയുന്നില്ലെ ന്ന മറുപടിയാണ് നൽകിയത്. എന്നാൽ, മുഹമ്മദ്[സ] അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കുന്നുവോ എന്ന് ചോദിച്ചപ്പോൾ അതെ എന്ന് മറുപടി പറഞ്ഞിരുന്നു. ഏതുവരെയെന്നാൽ അയാൾ അദ്ദേഹത്തിന്റെ ശരീരത്തിന്റെ ഓരോ ഭാഗവും വെട്ടിമാറ്റുകയുണ്ടായി. അദ്ദേഹത്തിന്റെ കൈതോളിൽ നിന്ന് അറുത്തുമാറ്റി. അദ്ദേത്തിന്റെ കാലുകൾ മുട്ടിനു മുകൾവരെ മുറിച്ചുമാറ്റി. പിന്നീട് അദ്ദേഹത്തെ അഗ്നിയിലേക്ക് ഇടുകയുണ്ടായി. ഇതെല്ലാം സംഭവിക്കുമ്പോഴും അദ്ദേഹം തന്റെ വാക്കുകളിൽനിന്ന് പിന്നോട്ട് പോയിരുന്നില്ല. മുസയ്‌ലിമയും തന്റെ വാക്കുകളിൽനിന്ന് പിന്നോട്ട് മാറിയില്ല. അവസാനം

അദ്ദേഹം അഗ്നിയിൽ ശഹാദത്ത് വരിക്കുകയുണ്ടായി.

മറ്റൊരു നിവേദനമനുസരിച്ച് ഹദ്‌റത്ത് ഹബീബ്, മുസയ്‌ലിമയുടെ അടുത്ത് കത്തുമായി എത്തിയപ്പോഴാണ് അദ്ദേഹത്തെ ഇത്തരത്തിൽ ഓരോരോ ശരീരഭാഗവും അറുത്തുമാറ്റി ശഹീദാക്കിയത്. പിന്നീട് അഗ്നിയിൽ ഇടുകയും ചെയ്തു. ഹദ്‌റത്ത് ഉമ്മു അമ്മാറയ്ക്ക് തന്റെ മകന്റെ ശഹാദത്തിനെ സംബന്ധിച്ചുള്ള വാർത്ത ലഭിച്ചപ്പോൾ താൻനേരിട്ട് മുസയ്‌ലിമയെ നേരിടുമെന്നും ഒന്നുകിൽ അയാളെ കൊല്ലുകയോ അല്ലെങ്കിൽ സ്വയം അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദാവുകയോ ചെയ്യുന്നതാണെന്നും സത്യം ചെയ്ത് പറയുകയുണ്ടായി.

ഹദ്‌റത്ത് ഖാലിദ് ബിൻ വലീദ് യമാമയിലേക്ക് സൈന്യത്തെ തയ്യാറാക്കിയപ്പോൾ ഉമ്മുഅമ്മാറ(റ), ഹദ്‌റത്ത് അബൂബക്ർ(റ)ന്റെ സവിധത്തിൽ ഹാജരാകുകയും യുദ്ധത്തിൽ പങ്കെടുക്കുന്നതിന് അദ്ദേഹത്തിന്റെ അനുമതി തേടുകയും ചെയ്തു. ഹദ്‌റത്ത് അബൂബക്ർ(റ)പറഞ്ഞു: 'താങ്കളെ പോലുള്ള വനിതകൾക്ക് യുദ്ധത്തിന് പുറപ്പെടുന്നതിൽനിന്ന് വിലക്കൊന്നുമില്ല. അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് പുറപ്പെട്ടാലും.' പ്രസ്തുത യുദ്ധത്തിൽ അവരുടെ മറ്റൊരു മകനായ അബ്ദുല്ലായും പങ്കെടുത്തിരുന്നു. അവർ പറയുന്നു: ഞങ്ങൾ യമാമയിലെത്തിയപ്പോൾ ഘോരയുദ്ധം നടന്നു. അൻസ്വാർ സഹായം ചോദിക്കുകയും മുസ്‌ലിമീങ്ങൾ സഹായത്തിനെത്തുകയും ചെയ്തു. ഞങ്ങൾ തോട്ടത്തിനു മുന്നിലെത്തിയപ്പോൾ തോട്ടത്തിന്റെ കവാടത്തിൽ തിക്കും തിരക്കുമായി. ഞങ്ങളുടെ ശത്രുക്കൾ മുസയ്‌ലിമ ഉണ്ടായിരുന്ന തോട്ടത്തിന്റെ ഭാഗത്തായിരുന്നു. ഞങ്ങൾ അതിൽ ബലംപ്രയോഗിച്ച് കടന്നു. അല്പസമയം ഞങ്ങൾ അവരുമായി യുദ്ധം ചെയ്തു. അല്ലാഹുവാണ്! അവരേക്കാളധികമായി തങ്ങളെ പ്രതിരോധിക്കുന്നവരായി ഞാൻ മറ്റാരെയും കണ്ടിട്ടില്ല. ഞാൻ അല്ലാഹുവിന്റെ ശത്രുവായ മുസയ്‌ലിമയെ കണ്ടുപിടിക്കണമെന്ന ലക്ഷ്യവുമായി മുന്നേറി. അയാളെ കണ്ടുകിട്ടുകയാണെങ്കിൽ അയാളെ വിടുന്നതല്ല, അയാളെ കൊല്ലുകയോ അല്ലെങ്കിൽ സ്വയം മരിക്കുകയോ ചെയ്യുന്നതായിരിക്കുമെന്ന് ഞാൻ അല്ലാഹുവിനോട് സത്യം ചെയ്തിരുന്നു. ആളുകൾ പരസ്പരം ആക്രമിക്കാൻ തുടങ്ങി. അവരുടെ വാളുകൾ പരസ്പരം കൂട്ടിമുട്ടാൻ തുടങ്ങി. തങ്ങളുടെ വാളുകൾ കൊണ്ടുള്ള വെട്ടുകളുടെ ശബ്ദമല്ലാതെ മറ്റൊരു ശബ്ദവും കേൾക്കാൻ പറ്റാത്ത ബധിരരെ പോലെയായിരുന്നു അവർ. അവസാനം ഞാൻ അല്ലാഹുവിന്റെ ശത്രുവിനെ കണ്ടുമുട്ടി. ഞാൻ അയാളെ ആക്രമിച്ചു. ഒരാൾ എന്റെ മുന്നിലേക്ക് വരികയും എന്റെ കൈയിൽ വെട്ടുകയും അത് അറുത്തുമാറ്റുകയും ചെയ്തു. അല്ലാഹുവാണ്! അയാളുടെ അടുക്കൽ എത്തുന്നതിൽനിന്ന് എന്റെ കാലിടറിയില്ല. അയാൾ താഴെ വീണുകിടക്കുകയായിരുന്നു. അവിടെ ഞാൻ എന്റെ മകനായ അബ്ദുല്ലായെ കണ്ടു. അവൻ അയാളെ വധിച്ചിരുന്നു.' മറ്റൊരു നിവേദനം ഇപ്രകാരമാകുന്നു. ഹദ്‌റത്ത് ഉമ്മുഅമ്മാറ പറയുന്നു:'എന്റെ മകൻ തന്റെ വസ്ത്രംകൊണ്ട് സ്വന്തം വാൾ തുടച്ചു വൃത്തിയാക്കുകയായിരുന്നു. നീ മുസയ്‌ലിമയെ വധിച്ചോ എന്ന് ഞാൻ ചോദിച്ചപ്പോൾ അവൻ പറഞ്ഞു, 'അതെ മാതാവേ!' അപ്പോൾ ഞാൻ അല്ലാഹുവിന് നന്ദിസൂചകമായി സുജൂദു ചെയ്തു.' ഹദ്‌റത്ത് ഉമ്മുഅമ്മാറ(റ) പറയുന്നു: 'അല്ലാഹു ശത്രുക്കളുടെ വേരറുത്തിരിക്കുന്നു. യുദ്ധം അവസാനിക്കുകയും ഞാൻ എന്റെ വീട്ടിലേക്ക് മടങ്ങുകയും ചെയ്തപ്പോൾ ഹദ്‌റത്ത് ഖാലിദ് ബിൻ വലീദ് ഒരു അറബിവൈദ്യനെ എന്റെ അടുത്തു കൊണ്ടുവന്നു. അയാൾ തിളച്ച എണ്ണകൊണ്ട് എന്നെ ചികിൽസിച്ചു. അല്ലാഹുവാണ്! ഈ ചികിത്സ എന്റെ കൈ മുറിക്കുന്നതിനേക്കാൾ കൂടുതൽ എനിക്ക് അസഹ്യമായിരുന്നു. ഹദ്‌റത്ത് ഖാലിദ് എന്നെ വളരെയധികം ശ്രദ്ധിച്ചിരുന്നു. ഞങ്ങളോട് വളരെ നല്ലനിലയിലാണ് പെരുമാറിയിരുന്നത്. ഞങ്ങളുടെ അവകാശത്തെ എപ്പോഴും ശ്രദ്ധിച്ചിരുന്നു. ഞങ്ങളെ സംബന്ധിച്ചുള്ള നബി(സ)തിരുമേനിയുടെ വസിയ്യത്ത് എപ്പോഴും പരിഗണിച്ചിരുന്നു. അബ്ബാദ് പറയുന്നു: ഞാൻ പറഞ്ഞു, എന്റെ പിതാമഹി! യമാമ യുദ്ധത്തിൽ മുറിവേറ്റ മുസ്‌ലിമീങ്ങളുടെ എണ്ണം വളരെ അധികമാകുന്നു.' അവർ പറഞ്ഞു: 'എന്റെ മകനേ!അതെ. അധികമാണ്. അല്ലാഹുവിന്റെ ശത്രു വധിക്കപ്പെട്ടു. മുസ്‌ലിമീങ്ങൾ എല്ലാവരും മുറിവേറ്റവരായിരുന്നു. ഞാൻ എന്റെ രണ്ട് സഹോദരന്മാരെയും അവരിൽ ജീവന്റെ തുടിപ്പ് അവശേഷിക്കാത്ത നിലയിൽ മുറിവേറ്റവരായി കാണുകയുണ്ടായി. ജനങ്ങൾ യമാമയിൽ പതിനഞ്ച് ദിവസം തങ്ങി. യുദ്ധം അവസാനിച്ചിരുന്നു. മുറിവേറ്റ കാരണത്താൽ അൻസ്വാറിലും മുഹാജിരീങ്ങളിലും നിന്നുമുള്ള കുറച്ചുപേർ മാത്രമെ ഹദ്‌റത്ത് ഖാലിദിനോടൊപ്പം നമസ്കാരത്തിൽ പങ്കെടുത്തിരുന്നുള്ളു. അവർ പറയുന്നു: 'എനിക്കറിയാം അന്ന് ബനൂത്വയ്യ് വളരെയധികം പരീക്ഷണത്തിൽ അകപ്പെട്ടിരുന്നു. അന്ന് അദിയ്യ ബിൻ ഹാത്തിമിനെ ഇങ്ങനെ പറയുന്നതായി കേട്ടു; 'ക്ഷമ കൈക്കൊള്ളുക! ക്ഷമ കൈക്കൊള്ളുക! എന്റെ മാതാപിതാക്കൾ നിങ്ങളിൽ തെണ്ടമായിരിക്കട്ടെ. എന്റെ മകൻ സയ്ദ് അന്ന് വളരെ ധീരതയോടെ യുദ്ധം ചെയ്തു.

മറ്റൊരു നിവേദനത്തിൽ ഇങ്ങനെയും വന്നിരിക്കുന്നു: 'യമാമ യുദ്ധത്തിൽ ഉമ്മുഅമ്മാറയ്ക്ക് മുറിവേറ്റു. വാളുകൊണ്ടും അമ്പുകൊണ്ടുമുള്ള പതിനൊന്ന് മുറിവുകളാണ് അവർക്ക് ഏറ്റിരുന്നത്. കൂടാതെ അവരുടെ ഒരു കൈയും അറ്റുപോയിരുന്നു. ഹദ്‌റത്ത് അബൂബക്ർ(റ) അവരുടെ വിശേഷങ്ങൾ ആരായുന്നതിന് വന്നുകൊണ്ടിരുന്നു. കഅ്ബ് ബിൻ ഉജ്‌റഹ് അന്ന് രൂക്ഷമായിത്തന്നെ പൊരുതി. അന്ന് ജനങ്ങൾക്ക് കഠിനമായ പരാജയം ഏറ്റുവാങ്ങേണ്ടി വന്നിരുന്നു. പരാജയം രുചിച്ചുകൊണ്ട് ചിതറിയോടി അവർ സൈന്യത്തിന്റെ അവസാന ഭാഗവും കടന്നുപോയിരുന്നു. കഅ്ബ് വിളിച്ചു പറഞ്ഞു: അല്ലയോ അൻസ്വാറേ! അല്ലയോ അല്ലാഹുവിന്റെ അൻസ്വാറേ! റസൂലിന്റെ സഹായത്തിന് വരിക.' ഇങ്ങനെ പറഞ്ഞുകൊണ്ട് അദ്ദേഹം മുഹിക്കം ബിൻ ത്വുഫയ്‌ലിന്റെ അടുത്തെത്തി. മുഹിക്കം അദ്ദേഹത്തെ ആക്രമിക്കുകയും അദ്ദേഹത്തിന്റെ ഇടതുകൈ അറുത്തുമാറ്റുകയും ചെയ്തു. അല്ലാഹുവാണ! എന്നിട്ടും കഅ്ബിന്റെ കാലിടറിയില്ല. അദ്ദേഹം വലതു കൈകൊണ്ട് പൊരുതാൻ തുടങ്ങി. അന്നേരം അദ്ദേഹത്തിന്റെ ഇടതു കൈയിൽനിന്ന് രക്തം ഒഴുകുന്നുണ്ടായിരുന്നു. അങ്ങനെ അദ്ദേഹം തോട്ടംവരെ എത്തുകയും അതിൽ പ്രവേശിക്കുകയും ചെയ്തു. ഹാജിബ് ബിൻ സയ്ദ്, ഔസിനെ വിളിച്ചുകൊണ്ട് പറഞ്ഞു; അല്ലയോ അശ്ഹലേ! അപ്പോൾ ഥാബിത്ത് പറഞ്ഞു: പറയുക, അല്ലയോ അൻസ്വാറേ! അവർ നമ്മുടെയും നിങ്ങളുടെയും സൈന്യമാകുന്നു. അപ്പോൾ അവർ അല്ലയോ അൻസ്വാറേ! അല്ലയോ അൻസ്വാറേ! എന്ന് വിളിച്ചു പറഞ്ഞു. ഏതുവരെയെന്നാൽ ബനൂ ഹനീഫ അവരെ ആക്രമിച്ചു. ജനങ്ങൾ ചിതറിയോടി. അദ്ദേഹം രണ്ട് ശത്രുക്കളെ വധിക്കുകയും സ്വയം ശഹീദാവുകയും ചെയ്തു. പിന്നീട് അബുൽഅഖീലിനെ സംബന്ധിച്ച് പറയുന്നു, അബൂ അഖീൽ അൻസ്വാറിന്റെ സഖ്യകക്ഷികളിൽ പെട്ട വ്യക്തിയായിരുന്നു. അദ്ദേഹം യമാമ ദിവസം ഏറ്റവുമാദ്യം യുദ്ധത്തിന് പുറപ്പെട്ടു. അദ്ദേഹത്തിന് ഒരു അമ്പേൽക്കുകയും അത് തോള് തുരന്നു ഹൃദയത്തിലെത്തുകയും ചെയ്തു. അദ്ദേഹം ആ അമ്പ് വലിച്ച് പുറത്തെടുത്തു. ആ മുറിവ് കാരണത്താൽ അദ്ദേഹം ക്ഷീണിതനായി. അദ്ദേഹം മഅൻ ബിൻ അദിയ്യെ ഇപ്രകാരം പറയുന്നതായി കേട്ടു, 'അല്ലയോ അൻസ്വാറേ! ശത്രുക്കളെ ആക്രമിക്കുന്നതിന് മടങ്ങി വരിക.' അബൂ അംറ് പറയുന്നു: 'അബൂഅഖീൽ തന്റെ ജനങ്ങളിലേക്ക് പോകുന്നതിന് എഴുന്നേറ്റു. ഞാൻ ചോദിച്ചു; 'അബൂഅഖീൽ താങ്കൾ എന്താണുദ്ദേശിക്കുന്നത്? താങ്കളിൽ ഇപ്പോൾ യുദ്ധത്തിനുള്ള ധൈര്യമില്ല. വളരെയധികം ക്ഷീണിതനായിരിക്കുന്നു.' അദ്ദേഹം മറുപടിയായി പറഞ്ഞു: 'വിളിക്കുന്നയാൾ എന്റെ പേരെടുത്താണ് വിളിച്ചിരിക്കുന്നത്.' ഞാൻ പറഞ്ഞു: അദ്ദേഹം അൻസ്വാർ എന്നാണല്ലോ വിളിച്ചത്? പരിക്കേറ്റവരെയായിരുന്നില്ല അദ്ദേഹം ഉദ്ദേശിച്ചത്.' അബൂഅഖീൽ മറുപടി പറഞ്ഞു, 'ഞാൻ അൻസ്വാറിൽ പെട്ടവനാകുന്നു. മറ്റുള്ളവർ ധൈര്യം കാണിച്ചില്ലെങ്കിലും ഞാൻ നിശ്ചയമായും മറുപടി നൽകുന്നതാണ്.' ഇബ്നു ഉമർ(റ) പറയുന്നു: അബൂഅഖീൽ ധൈര്യം സംഭരിച്ചുകൊണ്ടെഴുന്നേറ്റു. തന്റെ വലതു കൈയിൽ ഊരിപ്പിടിച്ച വാളെടുത്തുകൊണ്ട് വിളിച്ചു പറഞ്ഞു, 'അല്ലയോ അൻസ്വാറേ! ഹുനയ്ൻ ദിവസത്തെ പോലെ തിരിഞ്ഞ് ആക്രമിക്കുക.' അങ്ങനെ അവരെല്ലാവരും ഒരുമിച്ചുകൂടുകയും ശത്രുക്കൾക്കു

മുന്നില്‍ ഒരു പരിചയായി മാറിക്കൊണ്ട് ശത്രുക്കളെ തോട്ടത്തിലേക്ക് തള്ളിക്കയറ്റുകയും ചെയ്തു. അവര്‍ പരസ്പരം കൂടിച്ചേര്‍ന്നു. അതായത് അകത്തുചെന്നുകൊണ്ട്. പിന്നീട് രൂക്ഷമായ യുദ്ധം നടന്നു. വാളുകള്‍ പരസ്പരം പതിക്കാന്‍ തുടങ്ങി. അബൂഅഖീലിന്‍റെ മുറിവേറ്റ കൈ തോളില്‍നിന്ന് വേര്‍പെട്ട് പോകുന്നതും അത് തറയില്‍ പതിക്കുന്നതും ഞാന്‍ കണ്ടു. അദ്ദേഹത്തിന് 14 മുറിവുകളേറ്റിരുന്നു. പ്രസ്തുത മുറിവുകള്‍ കാരണത്താല്‍ അദ്ദേഹം ശഹീദാവുകയും ചെയ്തു.' ഇബ്നു ഉമര്‍(റ) പറയുന്നു: ഞാന്‍ അബൂഅഖീലിന്‍റെ പക്കല്‍ എത്തിയപ്പോള്‍ അദ്ദേഹം നിലത്തു വീണ് കിടന്ന് അവസാന ശ്വാസം എടുക്കുകയായിരുന്നു. ഞാന്‍ പറഞ്ഞു, 'അബൂഅഖീലേ!' അപ്പോള്‍ അദ്ദേഹം വിറച്ച ശബ്ദത്താല്‍ ലബ്ബയ്ക്ക് എന്ന് പറഞ്ഞു. പിന്നീട് ചോദിച്ചു, ആര്‍ക്കാണ് പരാജയം സംഭവിച്ചത്? ഞാന്‍ ഉച്ചത്തില്‍ പറഞ്ഞു; 'സുവാര്‍ത്തയാകട്ടെ. അല്ലാഹുവിന്‍റെ ശത്രു മുസയ്‌ലിമ വധിക്കപ്പെട്ടിരിക്കുന്നു.' അദ്ദേഹം അല്‍ഹംദുലില്ലാഹ് എന്നു പറഞ്ഞുകൊണ്ട് തന്‍റെ വിരല്‍ ആകാശത്തേക്ക് ഉയര്‍ത്തുകയും ജീവന്‍ വെടിയുകയും ചെയ്തു. ഇബ്നു ഉമര്‍(റ)പറയുന്നു: 'ഞാന്‍ എന്‍റെ പിതാവായ ഹദ്റത്ത് ഉമറിനെ ഈ എല്ലാ സംഭവങ്ങളും കേള്‍പ്പിച്ചു. അപ്പോള്‍ അദ്ദേഹം പറഞ്ഞു, 'അല്ലാഹു അദ്ദേഹത്തില്‍ കരുണ ചൊരിയുമാറാകട്ടെ. അദ്ദേഹം എപ്പോഴും ശഹാദത്തിനാഗ്രഹിച്ചിരുന്നു. എന്‍റെ അറിവനുസരിച്ച് അദ്ദേഹം നബി(സ)തിരുമേനിയുടെ ഏതാനും തിരഞ്ഞെടുക്കപ്പെട്ട സ്വഹാബിമാരില്‍ പെട്ട വ്യക്തിയും അവരില്‍ ആദ്യകാലത്ത് ഇസ്‌ലാം സ്വീകരിച്ച വ്യക്തിയുമായിരുന്നു.'

മുജ്ജാഅ ബിന്‍ മുറാറ, ബനൂ ഹനീഫയുടെ പ്രമാണി മുഖ്യനായിരുന്നു. ഇതേ കുറിച്ച് മുമ്പേയും വിവരിച്ചിട്ടുള്ളതാണ്. അയാള്‍ ഒരിക്കല്‍ മഅന്‍ ബിന്‍ അദിയ്യെ കുറിച്ച് പരാമര്‍ശിച്ചു, അയാള്‍ നബി(സ)തിരുമേനിയുടെ കാലത്ത് തന്‍റെ അടുത്ത് വരാറുണ്ടായിരുന്നു. കാരണം പണ്ടു തൊട്ടേ ഞാനും അയാളും തമ്മില്‍ സൗഹൃദമുണ്ടായിരുന്നു. മുജ്ജാഅ പറയുന്നു: 'അദ്ദേഹം അബൂബക്റിന്‍റെ അടുത്ത് യമാമ യുദ്ധാനന്തരം ഒരുപറ്റം ആളുകളോടൊപ്പം വന്നു. ഹദ്റത്ത് അബൂബക്ര്‍ തന്‍റെ കൂട്ടുകാരോടൊപ്പം ഖബര്‍സിയാറത്തിനായി പോവുകയായിരുന്നു. ഇന്നു ഞാനും അദ്ദേഹത്തോടൊപ്പം പുറപ്പെട്ടു ഹ്‌റത്ത് അബൂബക്റും കൂട്ടുകാരും 70 സ്വഹാബാക്കളുടെ ഖബറിടങ്ങള്‍ സന്ദര്‍ശിച്ചു

ഞാന്‍ പറഞ്ഞു: അല്ലയോ റസൂലിന്‍റെ ഖലീഫയായുള്ളോവേ! യമാമ യുദ്ധത്തില്‍ പങ്കെടുത്ത സ്വഹാബാക്കളെക്കാള്‍ കൂടുതല്‍ വാള്‍ പ്രയോഗങ്ങള്‍ക്കു മുമ്പാകെ സ്ഥിരചിത്തരായിനിലകൊള്ളുന്ന ആരെയും ഞാന്‍ കണ്ടിട്ടില്ല. മാത്രവുമല്ല അവരെക്കാള്‍ കൂടുതല്‍ ശക്തമായ ആക്രമണം നടത്തുന്നവരെയും ഞാന്‍ കണ്ടിട്ടില്ല. ഞാന്‍ അവരില്‍പെട്ട ഒരു വ്യക്തിയെ ഇങ്ങനെ കാണുകയുണ്ടായി. അല്ലാഹു അദ്ദേഹത്തിനുമേല്‍ കരുണ ചൊരിയുമാറാകട്ടെ. അദ്ദേഹം സുഹൃത്തായിരുന്നു. ഹദ്റത്ത് അബൂബക്റിന്(റ) ആളെ പിടികിട്ടി. മഅന്‍ ബിന്‍ അദിയ്യാണോ എന്ന് അദ്ദേഹം ചോദിച്ചു. ഞാന്‍ പറഞ്ഞു: 'അതെ!' ഹദ്റത്ത് അബൂബക്റിന് ഞാനും അദ്ദേഹവും തമ്മിലുള്ള ചങ്ങാത്തത്തെ കുറിച്ച് അറിയാമായിരുന്നു. അദ്ദേഹം പറഞ്ഞു: 'അല്ലാഹു അദ്ദേഹത്തിനുമേല്‍ കരുണ ചൊരിയുമാറാകട്ടെ. ഒരു സ്വാലിഹായ വ്യക്തിയെയാണ് താങ്കള്‍ സ്മരിച്ചത്.' ഞാന്‍ പറഞ്ഞു: അല്ലയോ റസൂലിന്‍റെ ഖലീഫയായുള്ളോവേ! എന്‍റെ കണ്‍മുമ്പില്‍ ആ ദൃശ്യങ്ങള്‍ ഇപ്പോഴുമുണ്ട്. ഖാലിദ് ബിന്‍ വലീദിന്‍റെ തമ്പില്‍ ഞാന്‍ ബന്ധനസ്ഥനായിരുന്നു. മുസ്‌ലിമീങ്ങളുടെ അടിപതറി. എത്ര ശക്തമായി അവര്‍ക്ക് കാലിടര്‍ച്ച സംഭിവിച്ചുവെന്നാല്‍ ഇനി ഒരിക്കലും അവര്‍ക്ക് പിടിച്ചുനില്‍ക്കാന്‍ കഴിയില്ലെന്ന് എനിക്കുതോന്നി. അക്കാര്യം എനിക്ക് അസഹനീയമായിരുന്നു.' ഹദ്റത്ത് അബൂബക്ര്‍ ചോദിച്ചു: 'അല്ലാഹുവാണ! താങ്കള്‍ക്ക് അത് അസഹനീയമായിരുന്നോ?' കാരണം അയാള്‍ മുര്‍ത്തദ്ദായ കാരണത്താലായിരുന്നുബന്ദിആയിരുന്നത്.ഏതായാലും, ഞാന്‍ പറഞ്ഞു: അല്ലാഹുവാണ!'എനിക്ക് അത് അസഹനീയം തന്നെയായിരുന്നു.' അപ്പോള്‍ ഹദ്റത്ത് അബൂബക്ര്‍(റ) പറഞ്ഞു: എന്നാല്‍, അക്കാര്യത്തില്‍ ഞാന്‍ അല്ലാഹുവിനെ സ്തുതിക്കുന്നു.'

മുജ്ജാഅ പറയുന്നു: 'ഞാന്‍ മഅന്‍ ബിന്‍ അദിയ്യിനെ കണ്ടു, അദ്ദേഹം ചെമന്ന തുണി തലയില്‍ ചുറ്റി പ്രത്യാക്രമണം നടത്തുകയായിരുന്നു. വാള്‍ ചുമലില്‍ വച്ചിട്ടുണ്ടായിരുന്നു. അതില്‍ നിന്നു ചോര ഇറ്റുന്നുണ്ടായിരുന്നു; അല്ലയോ അന്‍സ്വാറേ! പൂര്‍ണ്ണ ശക്തിയോടെ ആക്രമണം ആക്രമിക്കുക എന്ന് അദ്ദേഹം പറയുന്നുണ്ടായിരുന്നു.' മുജ്ജാഅ പറയുന്നു: 'അന്‍സ്വാറും കണക്കിന് പൊരുതി. അവരുടെ പ്രത്യാക്രമണം എത്രത്തോളം ശക്തിമത്തായിരുന്നുവെന്നാല്‍ ശത്രുക്കളുടെ കാലിടറി. ഞാന്‍ ഖാലിദ് ബിന്‍ വലീദിനോടൊപ്പം റോന്ത് ചുറ്റുക ആയിരുന്നു. ഞാന്‍ ബനു ഹനീഫക്കാരായ മരണപ്പെട്ടവരെ തിരിച്ചറിഞ്ഞിരുന്നു. രക്തസാക്ഷികളായി നിലത്തുവീണു കിടക്കുന്ന അന്‍സ്വാറിനേയും ഞാന്‍ കണ്ടു. അതു കേട്ടപ്പോള്‍ ഹദ്റത്ത് അബൂബക്ര്‍(റ) കരയാന്‍ തുടങ്ങി. അദ്ദേഹത്തിന്‍റെ താടിരോമങ്ങളൊക്കെ കണ്ണുനീരില്‍ കുതിര്‍ത്തു.

അബൂസയീദ് ഖുദ്‌രി(റ)യില്‍നിന്ന് നിവേദനം; ളുഹ്ര്‍ സമയത്ത് ഞാന്‍ തോട്ടത്തില്‍ പ്രവേശിച്ചു. അവിടെ യുദ്ധം കൊടുമ്പിരികൊണ്ടിരുന്നു. ഖാലിദ് ബിന്‍ വലീദിന്‍റെ ആജ്ഞാനുസരണം ബാങ്ക് കൊടുക്കുന്നയാള്‍ തോട്ടത്തിന്‍റെ ചുറ്റുമതിലില്‍ കയറി ളുഹ്ര്‍ ബാങ്ക് വിളിച്ചു. അവിടെയുള്ളവര്‍ യുദ്ധം കാരണം വളരെ അസ്വസ്ഥരായിരുന്നു. അസ്റിനുശേഷമായിരുന്നു യുദ്ധം അവസാനിച്ചത്. ഖാലിദ് അപ്പോള്‍ ഞങ്ങളെ ളുഹ്ര്‍ അസ്ര്‍ നമസ്കരിപ്പിച്ചു. ശേഷം അദ്ദേഹം വെള്ളം കുടിപ്പിക്കുന്നവരെ മരണാസന്നരായി കിടക്കുന്നവരുടെ അടുത്തേക്ക് അയച്ചു. ഞാനും അവരോടൊപ്പമെത്തി. അബു അഖീലിന്‍റെ അടുത്ത് ഞാനെത്തി. അദ്ദേഹത്തിന് 15 മുറിവുകളുണ്ടായിരുന്നു. അദ്ദേഹം എന്നോട് വെള്ളം ചോദിച്ചു. ഞാന്‍ അദ്ദേഹത്തെ വെള്ളം കുടിപ്പിച്ചപ്പോള്‍ അദ്ദേഹത്തിന്‍റെ മുറിവുകളില്‍ നിന്നൊക്കെ വെള്ളം പുറത്തേക്കൊഴുകി. അദ്ദേഹം ശഹീദായി. പിന്നെ ഞാന്‍ ബിശ്ര്‍ ബിന്‍ അബ്ദുല്ലായുടെ അടുത്തെത്തി. അദ്ദേഹവും വെള്ളം ചോദിച്ചു. ഞാന്‍ അദ്ദേഹത്തിന് വെള്ളം കൊടുത്തു. ശേഷം അദ്ദേഹവും ശഹീദായി.

മഹ്മൂദ് ബിന്‍ ലബീദില്‍നിന്ന് നിവേദനം. ഹദ്റത്ത് ഖാലിദ് യമാമക്കാരെ വധിച്ചപ്പോള്‍ മുസ്‌ലിമീങ്ങളും വലിയതോതില്‍ ശഹീദാകുകയുണ്ടായി. നബി(സ)തിരുമേനിയുടെ സ്വഹാബാക്കള്‍ മിക്കവരും ശഹീദായി. മുസ്‌ലിമീങ്ങളില്‍വച്ച് ജീവനോടെ രക്ഷപ്പെട്ടവര്‍ക്കും ഒരുപാട് പരിക്കുകളേറ്റിരുന്നു. *(അല്‍ഇക് തിഫാ വാള്യം 2, ഭാഗം 1, പേജ് 57-66, ആലമുല്‍കുതുബ് ബെയ്റൂത്ത് 1997)(സയ്റുസ്സ്വഹാബിയാത്ത് , സയീദ് അന്‍സ്വാരീ, പേജ് 122, മുശ്താഖ് ബുക് കോര്‍ണര്‍ ലാഹോര്‍) (സയ്യിദുനാ അബൂബക്ര്‍ സിദ്ദീഖ് ശഖ്സിയ്യത്ത് ഔര്‍ കാര്‍ണാമെ, സ്വലാബീ, പേജ് 349, ഫുര്‍ഖാന്‍ ട്രസ്റ്റ് ഖാന്‍ഗഢ് പാക്കിസ്താന്‍)*

മുസയ്‌ലിമ വധിക്കപ്പെട്ടു, എന്ന വാര്‍ത്ത അറിഞ്ഞതും ഖാലിദ് മുസയ്‌ലിമയെ തിരിച്ചറിയാനായി മുജ്ജാഅയെ കൂച്ചുവിലങ്ങിട്ടു കൊണ്ടുവന്നു. മൃതദേഹങ്ങള്‍ക്കിടയില്‍ അയാള്‍ മുസയ്‌ലിമയെ തിരഞ്ഞു. എന്നാല്‍, അവിടെയൊന്നും കണ്ടില്ല. പിന്നീട് തോട്ടത്തില്‍ പ്രവേശിച്ചപ്പോള്‍ അവിടെ ഒരു കുറുന്ന ശരീരവും മഞ്ഞ നിറവും പതിഞ്ഞ മൂക്കുമുള്ള ഒരു ശവം കണ്ടു. ആരില്‍നിന്നാണോ നിങ്ങള്‍ക്ക് മുക്തി കരസ്ഥമായിട്ടുള്ളത് ആ മുസയ്‌ലിമ ഇതാണെന്ന മുജ്ജാഅ പറഞ്ഞു. അത് കേട്ടപ്പോള്‍ ഖാലിദ് പറഞ്ഞു: 'നിങ്ങളോട് ഇങ്ങനെയൊക്കെ ചെയ്ത വ്യക്തി ഇയാളാണ്. മുജാഅ ബന്ദി ആയിരുന്നു, ബനൂ ഹനീഫയുടെ പ്രതിനിധിയും നേതാവുമായിരുന്നു. അതുകൊണ്ട് അവരെ രക്ഷപ്പെടുത്താനും അയാള്‍ ആഗ്രഹിച്ചിരുന്നു. പുരുഷന്മാര്‍ മിക്കവരും മരിച്ചുപോയെങ്കിലും കോട്ടയില്‍ ബാക്കിയുണ്ടായിരുന്നവരെ രക്ഷപ്പെടുത്തുന്നതിന് അയാള്‍ ഒരു തന്ത്രം പ്രയോഗിച്ചു. ഹദ്റത്ത് ഖാലിദ് ബിന്‍ വലീദുമായി രഞ്ജിപ്പിന്‍റെ ഉടമ്പടിയുണ്ടാക്കി. അദ്ദേഹം പറഞ്ഞു; 'നിങ്ങള്‍ക്കെതിരെ യുദ്ധത്തിന് ഇറങ്ങിയ ഇവര്‍ തിടുക്കം കൂട്ടുന്നവര്‍ മാത്രമായിരുന്നു. കോട്ടയില്‍ പോരാളികളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്.' ഹദ്റത്ത് ഖാലിദ് പറഞ്ഞു; നിന്നില്‍ നാശം വിതയ്ക്കുമാറാകട്ടെ, നീ ഇതെന്താണ് പറയുന്നത്? അപ്പോള്‍ മുജ്ജാഅ പറഞ്ഞു; 'ദൈവ

ത്താണ്! ഞാൻ പറയുന്നത് സത്യം മാത്രമാണ്. അതിനാൽ എന്റെ പിന്നിലുള്ള എന്റെ സമൂഹവുമായി രഞ്ജിപ്പിലേർപ്പെടുക.' (വഞ്ചനയിലൂടെയാണ് ഇതെല്ലാം പറഞ്ഞത്, അത് പിന്നീട് വ്യക്തമാകുന്നതാണ്) ഹദ്റത്ത് ഖാലിദ് ഈ ഭീകരമായ യുദ്ധം മുസ്‌ലിമീങ്ങൾക്ക് വരുത്തിയ ജീവഹാനി കണ്ടതാണ്. അത് കണക്കിലെടുത്ത്, അത് ഉചിതമാണെന്ന് അദ്ദേഹത്തിന് തോന്നി. കാരണം ഇപ്പോൾ ബനൂ ഹനീഫയുടെ നേതാവും ദ്രോഹികളുടെ യഥാർഥ തലവനും അവരുടെ കൂട്ടുകാരും മരിച്ചിരിക്കുന്നു. അതിനാൽ മുസ്‌ലിമീങ്ങൾക്ക് കൂടുതൽ നാശനഷ്ടങ്ങൾ വരുത്താതിരിക്കുന്നതാണ് നല്ലത്! അതിനാൽ ഹദ്റത്ത് ഖാലിദ് രഞ്ജിപ്പിനുവേണ്ടിയുള്ള സമ്മതം പ്രകടിപ്പിച്ചു. ഹദ്റത്ത് ഖാലിദിൽ നിന്നു രഞ്ജിപ്പിനുവേണ്ടിയുള്ള ജാമ്യം സ്വീകരിച്ചുകൊണ്ട് മുജ്ജാഅ 'താൻ അവരുടെ അടുത്തുപോയി അവരോട് കൂടിയാലോചിക്കാം' എന്നുപറഞ്ഞുകൊണ്ട് അയാൾ അവരുടെ അടുത്ത് പോയി. എന്നാൽ, കോട്ടകളിൽ സ്ത്രീകളും കുട്ടികളും പ്രായമായവരും ദുർബലരുമല്ലാതെ മറ്റാരുമില്ലെന്ന് മുജ്ജാഅക്ക് നല്ലപോലെ അറിയാമായിരുന്നു, അയാൾ അവരെ പടച്ചട്ടകൾ അണിയിച്ചുകൊണ്ട് സ്ത്രീകളോടായി പറഞ്ഞു; 'ഞാൻ മടങ്ങിവരുന്നതുവരെ കോട്ടയുടെ മതിലുകളിൽ കയറി നിൽക്കുക.' എന്നിട്ട് ഹദ്റത്ത് ഖാലിദ്(റ)ന്റെ അടുത്ത് വന്നുകൊണ്ട് പറഞ്ഞു: 'രഞ്ജിപ്പിനായി ഞാൻ വെച്ച നിബന്ധന അവർക്ക് സ്വീകാര്യമല്ല.' ഹദ്റത്ത് ഖാലിദ് കോട്ടകളിലേക്ക് നോക്കിയപ്പോൾ പടച്ചട്ടകൾ അണിഞ്ഞുനിൽക്കുന്ന സ്ത്രീകളെയും മറ്റും കണ്ട് അവിടെ ആളുകൾ നിറഞ്ഞു നിൽക്കുന്നതായി മനസ്സിലാക്കി. ഈ യുദ്ധം ഒരുപാട് നീണ്ടുനിന്നതുകൊണ്ട് മുസ് ലിമീങ്ങൾക്കും ഒരുപാട് നഷ്ടങ്ങൾ വരുത്തിയിരുന്നു. അതുകൊണ്ടുതന്നെ വിജയം കൈവരിച്ച് തിരിച്ചുപോകാനാണ് മുസ്‌ലിമീങ്ങൾ ആഗ്രഹിച്ചത്. ഇനി എന്ത് സംഭവിക്കുമെന്ന് അറിയാത്തതിനാൽ അവർ താരതമ്യേന ചെറിയ നിബന്ധനയിൽ, സ്വർണ്ണം വെള്ളി ആയുധങ്ങൾ പകുതി തടവുകാർക്കും പകരമായി നല്കി അനുരഞ്ജനത്തിൽ ഏർപ്പെട്ടു. നാലിൽ ഒരുഭാഗത്തിന് പകരമായി രഞ്ജിപ്പിൽ ഏർപ്പെട്ടു എന്നും പറയപ്പെടുന്നുണ്ട്. കോട്ടകളുടെ വാതിലുകൾ തുറന്നപ്പോൾ അവരിൽ സ്ത്രീകളും കുട്ടികളും ദുർബലരും അല്ലാതെ മറ്റാരുമുണ്ടായിരുന്നില്ല. അപ്പോൾ ഹദ്റത്ത് ഖാലിദ് മുജ്ജാഅയോട് പറഞ്ഞു; 'നീ എന്നോട് വഞ്ചന കാണിച്ചിരിക്കുന്നു. നിനക്ക് നാശം ഭവിക്കട്ടെ.' അപ്പോൾ മുജ്ജാഅ പറഞ്ഞു, 'ഇവർ എന്റെ സമുദായത്തിലെ ആളുകളാണ്, അവരെ രക്ഷിക്കേണ്ടത് എന്റെ ആവശ്യമായിരുന്നു. എനിക്ക് മറ്റെന്താണ് ചെയ്യാൻ കഴിയുക?' അതിനുശേഷം പ്രായപൂർത്തിയായ എല്ലാവരെയും വധിക്കണം എന്ന് പറഞ്ഞുകൊണ്ടുള്ള ഹദ്റത്ത് അബൂബക്റിന്റെ കത്ത് ഹദ്റത്ത് ഖാലിദിന് കിട്ടി, എന്നാൽ ഹദ്റത്ത് ഖാലിദ് അവരുമായി സന്ധി ചെയ്തതിനുശേഷമാണ് ഈ കത്ത് എത്തിയത്. അതിനാൽ അദ്ദേഹം തന്റെ വാക്ക് പാലിച്ചു. വാഗ്ദാനം ലംഘിച്ചില്ല. *(അൽകാമിൽ ഫിത്താരീഖ് ലിഇബ്നി അഥീർ, വാല്യം 2, പേജ് 222-223, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്2006)*

അവരുടെ ജീവന് സംരക്ഷണം നൽകിയിരുന്നു. അതുകൊണ്ടുതന്നെ ഹദ്റത്ത് ഖാലിദ് ബിൻ വലീദ് മുസ്‌ലിമീങ്ങളുടെ അവസ്ഥയും രഞ്ജിപ്പിന്റെ കാരണവും വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് അബൂബക്റിന് ഒരു കത്തയച്ചു. അത് വായിച്ച് ഹദ്റത്ത് അബൂബക്ർ സംതൃപ്തനും സന്തോഷവാനുമായി. ഹദ്റത്ത് ഖാലിദ് സമാധാന ഉടമ്പടി പൂർത്തിയാക്കിയപ്പോൾ, കോട്ടകളെക്കുറിച്ച് അദ്ദേഹം ചില ഉത്തരവുകൾ നൽകി. അതിനാൽ ആളുകളെ അവിടെ നിയമിച്ചു. മുജ്ജാഅ ദൈവനാമത്തിൽ സത്യം ചെയ്തുകൊണ്ട് പറഞ്ഞു; 'ഏതൊരു കാര്യത്തിലാണോ രഞ്ജിപ്പിലെത്തിയത് അതിൽനിന്ന് ഒരു കാര്യവും നിങ്ങളിൽ നിന്ന് മറച്ചു വെക്കുകയില്ല. മാത്രമല്ല ആർക്കെങ്കിലും എന്തെങ്കിലും മറഞ്ഞിരിക്കുന്ന കാര്യം അറിയാമെങ്കിൽ അത് ഹദ്റത്ത് ഖാലിദിനെ അറിയിക്കുന്നതായിരിക്കും.' തുടർന്ന് കോട്ടകൾ തുറന്നു. നിരവധി ആയുധങ്ങൾ കണ്ടെത്തി, അത് ഖാലിദ് വേറെ മാറ്റിവെച്ചു. കൂടാതെ ആ കോട്ടകളിൽ നിന്നു ലഭിച്ച ദിനാറുകളും ദിർഹമുകളും പ്രത്യേകം ശേഖരിച്ചു, യുദ്ധ കവചങ്ങൾ ശേഖരിച്ചു, തടവുകാരെ പുറത്തെടുത്ത് രണ്ടായി ഭാഗിച്ചു, പിന്നെ യുദ്ധ മുതലുകൾക്കായി നറുക്കെടുപ്പുകൾ നടന്നു. കവചവും വിലങ്ങുകളും സ്വർണ്ണവും വെള്ളിയും മറ്റും തൂക്കി, അഞ്ചിൽ ഒരു ഭാഗം മാറ്റിവെച്ചു, അഞ്ചിൽ നാലു ഭാഗം ആളുകളിൽ വിതരണം ചെയ്തു. കുതിരയിൽ യാത്ര ചെയ്തവന് രണ്ട് ഭാഗവും ഒരു ഭാഗം ഉടമസ്ഥനും നിശ്ചയിച്ചു. കൂടാതെ അവരിൽ നിന്നെല്ലാം അഞ്ചിലൊരു ഭാഗം മാറ്റിവെച്ച് അത് ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ സമക്ഷത്തിലേക്ക് അയക്കുകയും ചെയ്തു. *(അൽഇക്തിഫാ, വാല്യം 2, ഭാഗം 1, പേജ് 70-71, ആലമുൽകുതുബ് ബെയ്റൂത്ത് 1997)*

അതിനുശേഷം ബനൂ ഹനീഫ ബയ്അത്ത് ചെയ്യാനും മുസയ്‌ലിമയുടെ പ്രവാചകത്വ വാദവുമായി തങ്ങൾക്ക് ഒരു ബന്ധവുമില്ലെന്ന് പ്രകടിപ്പിക്കാനുമായി ഒരുമിച്ചുകൂടി. അവരെല്ലാവരും ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ അടുത്ത് കൊണ്ടുവരപ്പെട്ടു. ബയ്അത്ത് ചെയ്യുകയും വീണ്ടും ഇസ്‌ലാം സ്വീകരിച്ചതായി വിളംബരപ്പെടുത്തുകയും ചെയ്തു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് അതിൽ ഒരു പ്രതിനിധി സംഘത്തെ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ അടുത്ത് മദീനയിൽ അയച്ചു. അവർ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ അടുത്തെത്തിയപ്പോൾ അദ്ദേഹം ആശ്ചര്യം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു. 'നിങ്ങൾ മുസയ്‌ലിമയുടെ കെണിയിൽ അകപ്പെട്ടുകൊണ്ട് എങ്ങനെയാണ് വഴി പിഴച്ചത്?' അവർ മറുപടി പറഞ്ഞു: 'അല്ലയോ റസൂലിന്റെ ഖലീഫയായുള്ളോവേ! ഞങ്ങളുടെ എല്ലാ അവസ്ഥകളും അങ്ങയെക്ക് നല്ലവണ്ണം അറിയാവുന്നതാണ്. മുസയ്‌ലിമയ്ക്ക് തനിക്കെന്തെങ്കിലും നേട്ടമുണ്ടാക്കാൻ കഴിഞ്ഞില്ല. തന്റെ ബന്ധുക്കൾക്കും ജനതയ്ക്കും എന്തെങ്കിലും ഗുണമുണ്ടാക്കാനും കഴിഞ്ഞില്ല.*(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് ,മുഹമ്മദ് ഹുസയ്ൻ ഹയ്ക്കിൽ പേജ് 206)*

ഹദ്റത്ത് അബൂബക്ർ(റ) കണ്ട ഒരു സ്വപ്നമുണ്ട്. ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് ഖാലിദിനെ യമാമയിലേക്ക് യാത്രയാക്കിയപ്പോൾ അവിടന്ന് സ്വപ്നത്തിൽ കണ്ടിരുന്നു, അദ്ദേഹത്തിന്റെ അടുത്ത് ഹജ്ർ എന്ന നാട്ടിലെ ഈത്തപ്പഴം കൊണ്ടുവരപ്പെട്ടു. അവിടന്ന് അതിൽനിന്ന് ഒരു ഈത്തപ്പഴം തിന്നു. അതിനെ അദ്ദേഹം ഈത്തപ്പഴകുരുവായി കണ്ടു. അത് ഈത്തപ്പഴത്തിന്റെ രൂപത്തിലായിരുന്നു. നല്ല ഉറപ്പുള്ളതായിരുന്നു. ഈത്തപ്പഴമല്ലായിരുന്നു. പ്രത്യുത കുരുവായിരുന്നു. കുറച്ചുനേരം അദ്ദേഹം അത് ചവച്ചു. പിന്നീട് അത് വലിച്ചെറിഞ്ഞു. അവിടന്ന് ആ സ്വപ്നത്തെ ഇങ്ങനെ വ്യാഖ്യാനിച്ചു. പറഞ്ഞു: ഖാലിദിന് യമാമക്കാരിൽനിന്ന് ശക്തമായ പോ

ശേഷം പേജ് 8 ൽ

**• ഹദീഥുന്നബ്വി(സ) •**

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."**

*(അബൂദാവൂദ്, കിതാബുൽമനാസിക്)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• ഹദീഥുന്നബ്വി(സ) •**

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

*(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാല്യം 7 ലക്കം 26 പേജ് 12, കോളം 1-ൽ നിന്ന്)

വനിത ജേർണലിസ്റ്റ്: എന്നാൽ, സ്ത്രീകൾക്ക് പുരുഷന്മാർക്ക് ലഭിക്കുന്നതിന്റെ പകുതിയാണ് അനന്തരാവകാശമായി കിട്ടുന്നത്?

ഹുദൂർ: ഇതിനു പിന്നിൽ ഒരു യുക്തിയുണ്ട്. നിങ്ങളിങ്ങനെ ചോദ്യത്തിന് ഉപചോദ്യങ്ങൾ ചോദിച്ചു പോയാൽ എന്റെ എല്ലാ സമയവും നിങ്ങൾതന്നെ എടുക്കും. എനിക്ക് മുമ്പേതന്നെ സമയം കുറവാണ്. ഞാൻ മുമ്പേയും സൂചിപ്പിച്ചപോലെ, ഭക്ഷണം സംഘടിപ്പിക്കേണ്ട ഉത്തരവാദിത്വം പുരുഷന്മാരുടെ ചുമതലയാണ്. അതു സംഘടിപ്പിക്കേണ്ടതുള്ളതുകൊണ്ട് വീട്ടിൽ ചെലവുകൾ ചെയ്യേണ്ട ഉത്തരവാദിത്വം പുരുഷനാണ്. അതുകൊണ്ട് സ്ത്രീകൾക്ക് ചെലവു ചെയ്യാനുള്ള ഉത്തരവാദിത്വമില്ലെങ്കിൽപ്പിന്നെ അനന്തരാവകാശമായി കിട്ടുന്നത് എന്തായാലും അവളുടേത് മാത്രമാണ്. വീട്ടു ചെലവിനോ മക്കൾക്കോ ഭർത്താവിനോവേണ്ടി ചെലവഴിക്കേണ്ട ഉത്തരവാദിത്വം അവൾക്കുമേൽ നിർബന്ധമല്ല. കാരണം, കുട്ടികൾക്കുവേണ്ടിയും വീട്ടു ചെലവുകൾക്കു വേണ്ടിയും ചെലവഴിക്കാനുള്ള ഉത്തരവാദിത്വം പുരുഷനാണ്. അതുകൊണ്ട് സ്ത്രീക്ക് അനന്തരാവകാശമായി കിട്ടുന്നത് തികച്ചും അവളുടേതാണ്. എന്നാൽ, പുരുഷന് ലഭിക്കുന്നതിൽനിന്ന് അവൻ തന്റെ ഭാര്യയുടെമേലും മക്കളുടെമേലും ചെലവ് ചെയ്യുന്നു. ഇതാണ് അടിസ്ഥാനപരമായി ഈ വിഷയകമായ തത്ത്വം.

മറുപടി നല്കിയതിന് വനിത ജേർണലിസ്റ്റ് ഹുദൂറിന് നന്ദി പറഞ്ഞു. തുടർന്ന് തന്റെ അവസാന ചോദ്യം ഹുസൂറുന്റെ മുന്നിൽ സമർപ്പിച്ചു.

ജർമനിയിൽ നൂറു മസ്ജിദ് നിർമിക്കണമെന്ന് അങ്ങയ്ക്ക് മുമ്പേവന്ന ഖലീഫ നിർദേശിച്ചിരുന്നു. അങ്ങും ഇതുതന്നെയാണോ ആഗ്രഹിക്കുന്നത്?

ഹുദൂർ: അത് ജർമനി ജമാഅത്തിന് തുടക്കത്തിൽ നല്കിയ ടാർഗറ്റായിരുന്നു. നൂറു മസ്ജിദുകൾ നിർമിച്ചതിന്നുശേഷം ഞങ്ങൾ പിന്മാറുമെന്ന് ഇതിന് അർഥമില്ല. ഇവിടെ ജർമനിയിൽ ഞങ്ങൾ കൂടുതൽ മസ്ജിദുകൾ നിർമിച്ചുകൊണ്ടേയിരിക്കും. എന്നാൽ ഇതുവരേക്കും ഞങ്ങൾക്ക് നൂറു മസ്ജിദിന്റെ ലക്ഷ്യം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ഇപ്പോൾ ഞങ്ങളുടെ ശ്രദ്ധ നൂറു മസ്ജിദിലേക്ക് തന്നെയാണ്. ഇതു പൂർത്തിയായി കഴിയുമ്പോൾ ഞാനോ എനിക്ക് ശേഷം വരുന്ന ആളോ പുതിയ ടാർഗറ്റ് നല്കും.

ഇൻർവ്യൂവിനുശേഷം ഇത്രയധികം സമയം നല്കിയതിന്ന് വനിതജേർണലിസ്റ്റ് ഹുദൂറിന് വളരെയധികം നന്ദി പറഞ്ഞു. ഇത് 11 മണി വരെയാണ് നീണ്ടു നിന്നത്.

### അംബാസിഡറുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ച

അതിനുശേഷം അംബസിഡർ വോൾക്കർ ബെരെഷെയിം (Volker Berresheim) അംബാസിഡർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അദ്ദേഹം വിദേശകാര്യ മന്ത്രാലയത്തിലെ മത- രാഷ്ട്രീയകാര്യ ഡയറക്ടറാണ്. തലേന്ന് രാത്രി നടന്ന മഹനീയ പരിപാടിക്ക് ആദ്യമായി അദ്ദേഹം ഹുദൂറിന് അനുഗ്രഹാശംസകൾ നേർന്നു.

ഹുദൂർ: സമൂഹത്തിലെ നാനാതുറയിൽ പെട്ട വ്യക്തികൾ അവിടെ സന്നിഹിതരായിരുന്നു.

ഡോക്ടർ ബേരെഷെയിം: ഇക്കാലഘട്ടത്തിൽ ലോകം നാനാതരം ഭീഷണികളുടേയും വെല്ലുവിളികളുടേയും മുന്നിലാണ്. എന്നാൽ, മൂന്നാം ലോക മഹായുദ്ധത്തിന്റെ ഭീഷണിയും നേരിടേണ്ടി വരുമോ എന്ന് എനിക്കറിയില്ല

ഹുദൂർ: ശരിയാണ്, ലോകം വളരെയധികം ഭീഷണികളുടെ മുന്നിലാണ്. എന്നാൽ താങ്കൾക്ക് മൂന്നാം ലോക മഹായുദ്ധത്തിന്റെ ഭീഷണിയെ തിരസ്കരിക്കാൻ സാധിക്കില്ല. അങ്ങെനെ ചെയ്യപ്പെടുകയും അരുത്.

ഡോക്ടർ ബെരെഷെയിം: വിവിധ സമൂഹങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങൾ കൂടുതലാണെന്നാണ് എനിക്ക് തോന്നുന്നത്

ഹുദൂർ: സമൂഹങ്ങൾക്കുള്ളിൽ അസ്വസ്ഥതകളുണ്ട്. എന്നാലിത് ഇപ്പോൾ രാഷ്ട്രാതിരിത്തികളും ഭേദിക്കുന്നു. അതുകൊണ്ട് വിവിധ രാജ്യങ്ങൾക്കിടയിലും വൈരുദ്ധ്യങ്ങൾ ഉല്പത്തി എടുക്കുന്നു.

ഡോക്ടർ ബെരെഷെയിം: എന്നാൽ, ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരം ഇതു വരേക്കും ലഭിച്ചിട്ടില്ല.

ഹുദൂർ: ഐക്യരാഷ്ട്ര സംഘടനയും ഇതുപോലെയുള്ള ഇതര സംഘടനകളും ഈ പ്രശ്നങ്ങൾക്ക് പരിഹാരമാകാവുന്നതാണ്. എന്നാൽ, ഐക്യരാഷ്ട്രസംഘടന് സ്വന്തം കർത്തവ്യം ശരിക്കും നിർവഹിക്കുന്നില്ല. യൂരോപ്യൻ പാർല്യമെന്റ് ആഡിറ്റോറിയത്തിൽ ഞാൻ നല്കിയ പ്രസംഗത്തില് യൂറോപ്യൻ യൂണിയനെ സംബന്ധിച്ച് ഞാൻ സൂചിപ്പിച്ചിരുന്നു. യൂറോപ്യൻ രാജ്യങ്ങളിൽ നില നില്ക്കുന്ന ഈ ഐക്യം തീർച്ചയായും നില നിർത്തണമെന്നായിരുന്നു ഞാൻ പറഞ്ഞത്. എന്നാലിന്ന് ഈ ഐക്യവും ചിതറുന്നതായാണ് നമുക്ക് കാണാന് കഴിയുന്നത്.ബ്രേക്സിറ്റ് കേവലം തുടക്കം മാത്രമാണ്.ഇതിന്നു ശേഷം ഇറ്റലിയും സ്പെയിനും ഇതര രാജ്യങ്ങളും ഇത് തുടരാൻ സാദ്ധ്യതയുണ്ട്.

ഡോക്ടർ ബെറെഷെയിം: ഈ ചിതറൽ അഥവാ ഭിന്നിപ്പിന് പിന്നിൽ വ്യവസ്ഥാപിതമായി പണം ഇറക്കിയിട്ടുണ്ട്.

ഹുദൂർ: തികച്ചും ശരിയാണ്. വിവിധ തരത്തിലുള്ള കൂടിച്ചേരലും ബ്ലോക്കുകളും ഉണ്ടാകുന്നതായി കാണാൻ കഴിയുന്നു.

ഡോക്ടർ ബെറെഷെയിം: ലബനാനിൽ നിന്നുള്ള റിപ്പോർട്ടനുസരിച്ച് അവിടെ നടന്ന സംഭാഷണത്തെ വിവിധ മതങ്ങൾ വാഴ്ത്തുകയുണ്ടായി. ഇതിനെ സംബന്ധിച്ച് സക്രിയമായ പ്രതികരണങ്ങൾ മുന്നിൽ വരുന്നു.

ഹുദൂർ: വളരെയധികം മുസ്‌ലിം വിഭാഗങ്ങൾ ഇസ്ലാമിക രാജ്യങ്ങളിൽ പരസ്പരം അഭിപ്രായഭിന്നതയിലാണെന്ന് താങ്കൾക്ക് കാണാവുന്നതാണ്. ഒരു ഐക്യ വേദികളുമില്ല. ഓരോ വിഭാഗത്തിനും താന്താങ്ങളുടെ പരിപാടികളാണുള്ളത്. ഇക്കാര്യങ്ങൾ പാക്കിസ്താനിൽ അതിന്റെ ഉച്ചസ്ഥിതിയിൽ കാണാവുന്നതാണ്. ഭരണകൂടങ്ങൾ ഇക്കാര്യങ്ങളിലേക്ക് പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. മതവും ഭരണവും വേവ്വേറെ ആക്കേണ്ടത് അനിവാര്യമാണ്. അല്ലെങ്കിൽ സമാധാനം സ്ഥാപിക്കൽ അസാദ്ധ്യമാണ്. എന്നാൽ, മതത്തെ ഭരണപരമായ കാര്യങ്ങളിൽ ഇടപെടുന്നതിൽനിന്നു ആര് തടയുമെന്ന താണ് ചോദ്യം.

ഡോക്ടർ ബെറെഷെയിം: ലിന്റാവുവിൽ ഒരു മത സമ്മേളനം നടന്നിരുന്നു. ഇതിൽ 900-ൽ അധികം പേരുടെ പ്രാതിനിധ്യം ഉണ്ടായിരുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രാതിനിധ്യവും ഇതിലുണ്ടായിരുന്നു. അവരും ഒരു പ്രവർത്തന രൂപരേഖ ഉണ്ടാക്കിയിരുന്നു.

ഹുദൂർ: ഈ പ്ലാനനുസരിച്ച് ഏതറ്റംവരെ പ്രവർത്തിക്കുന്നുവെന്ന് നോക്കാം.

ഡോക്ടർ ബെറെഷെയിം: മതപരമായ വിഭാഗങ്ങൾ തനിച്ചു നില്ക്കുമ്പോൾ സ്വന്തം ആചാരങ്ങളിലും സംസ്കാരത്തിലും ബന്ധിതമായിരിക്കും. അവരുടെ ശബ്ദങ്ങൾ കേൾക്കപ്പെടുകയില്ല. സവിശേഷമായ ഒരു പ്രയോജനവും അതിൽ നിന്നുണ്ടാകില്ല. എന്നാൽ, വിവിധ വിഭാഗങ്ങളെ സംഘടിപ്പിച്ച് ശബ്ദം ഉയർത്തിയാൽ നിങ്ങളുടെ ശബ്ദം കൂടുതൽ ഒച്ചത്തിൽ കേൾക്കപ്പെടും. ഭരണകൂടങ്ങൾ അത് കേൾക്കുകയും ചെയ്യും.

ഹുദൂർ: മത നേതാക്കന്മാർ മതത്തേക്കാളേറെ രാഷ്ട്രീയവുമായാണ് ഇന്ന് ബന്ധപ്പെട്ടു നില്ക്കുന്നത്. നിങ്ങളുടെ ശ്രമങ്ങൾക്ക് നല്ല ഫലങ്ങൾ ഉണ്ടാകട്ടെ എന്നതാണ് എന്റെ പ്രാർഥന. അമിത പ്രതീക്ഷയിൽ അകപ്പെട്ടു പോകരുതെന്നാണ് ഒപ്പം എനിക്കും പറയാനുള്ളത്.

കൂടിക്കാഴ്ചയുടെ ഈ പരിപാടി 11.25 വരെ നീണ്ടു നിന്നു. ഒടുവിൽ ഹുസൂറുമൊത്ത് ഫോട്ടോ എടുക്കുന്നതിനും അദ്ദേഹത്തിന് സൗഭാഗ്യം ലഭിച്ചു.

### കുടുംബപരമായ കൂടിക്കാഴ്ചകൾ

തുടർന്ന് ഇന്നു രാവിലെ നടന്ന കുടുംബപരമായ കൂടിക്കാഴ്ചകളിൽ 41 കുടുംബങ്ങളിൽ നിന്നുള്ള 145 അംഗങ്ങൾക്കും 11 പേര് വ്യക്തിഗതമായും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ ദർശിക്കാൻ ഭാഗ്യം ലഭിച്ചു. ഇവർക്കെല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു. അനുകമ്പാപൂർവം ഹുദൂർ വിദ്യാർഥിനി വിദ്യാർഥികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലറ്റും നല്കി. ജർമനിയിലെ 18 ജമാഅത്തുകളിൽ നിന്നു വന്ന കുടുംബങ്ങളാണ് ഇന്നത്തെ പരിപാടിയിൽ പങ്കെടുത്തത്. ചില കുടുംബങ്ങൾ ദീർഘദൂരം യാത്ര ചെയ്താണ്

എത്തിയത്.

ഉസ്നാബ്രൂക്കിൽനിന്നു വന്നവർ 420 കിലോമീറ്ററും ഫ്രാങ്ക്ഫർട്ടിൽനിന്നു വന്നവർ 550 കിലോമീറ്ററും ബോച്ചോൾട്ടിൽനിന്നും ഡീറ്റ്സെൻ ബാച്ചിൽനിന്നു വന്നവർ 560 കിലോമീറ്ററും വേസ്ബാദനിൽനിന്നു വന്നവർ 570 കിലോമീറ്ററും ദൂരം യാത്ര ചെയ്താണെത്തിയത്.ഫങ്സ്റ്റാഡ്റ്റിൽ (Pfungstadt)നിന്നു വന്നവർ 580 കിലോമീറ്ററും ബഡ്ക്രെൻസ്നാക്കിൽ(Badkrenznac) നിന്നു വന്നവർ 600 കിലോമീറ്ററും മൻഹെയിമിൽ(Mannheim) നിന്നു വന്നവർ 625 കിലോമീറ്ററും ദൂരം യാത്ര ചെയ്താണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തിയത്.ചില അറബ് സഹോദരന്മാരും കുടുംബങ്ങളും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ഗാംബിയയിൽ നിന്നു വന്ന അഹ്മദൌ ജീ(Amadou Nje) സാഹിബ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി സായൂജ്യരായി. കൂടിക്കാഴ്ചക്ക് ശേഷം അദ്ദേഹം പറയുന്നു:

20 വർഷം മുമ്പേ ഞാൻ ഹുദൂറിനെ സംബന്ധിച്ച് ഒരു സ്വപ്നം കണ്ടിരുന്നു. ഈ സ്വപ്നം എന്റെ ഉമ്മായെ കേൾപ്പിച്ചപ്പോൾ അവർ പറഞ്ഞു: ഹുദൂറുമായി കൂടിക്കാഴ്ച നടത്തുന്നതു വരെ ഈ സ്വപ്നം ആരോടും പറയരുത്. അതിനാൽ ഈ കൂടിക്കാഴ്ചയ്ക്കുമുമ്പേവരെ ഞാനിത് ആരോടും പറഞ്ഞിട്ടില്ല.

## ഒരു അനുഗൃഹീത സ്വപ്നം

ഇന്ന് ഞാൻ ഈ സ്വപ്നം പ്രിയപ്പെട്ട ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ പറഞ്ഞു. എനിക്കു വേണ്ടി വാതിലുകൾ തുറക്കപ്പെട്ടതുപോലെ എനിക്ക് തോന്നുന്നു, ഞാനിതിൽ വളരെ സന്തോഷവാനാണ്. ടീ.വിയിൽ ഹുദൂറിനെ കാണുന്നതും നേരെമുന്നിൽ കാണുന്നതും വളരെ വ്യത്യാസമുണ്ട്. ആ സ്വപ്നം ഇപ്രകാരമാണ്:

'ഞാൻ വെള്ളത്തിലാണ്. അവിടെ ലക്ഷക്കണക്കിന് മലക്കുകളുമുണ്ട്. നിങ്ങളിവിടെ എന്താണ് ചെയ്യുന്നതെന്ന് ഞാൻ മലക്കുകളോട് ചോദിച്ചു. അപ്പോൾ മലക്കുകൾ ഇപ്രകാരം മറുപടി നല്കി: താങ്കൾ ആകാശത്ത് നോക്കിയോ? അങ്ങനെ ഞാൻ ആകാശത്ത് നോക്കിയപ്പോൾ ഒരു വ്യക്തി അവിടെ ഇരിക്കുന്നു. ഈ വ്യക്തി ആരാണെന്ന് ഞാൻ മലക്കുകളോടു ചോദിച്ചു. എന്നിട്ട് ഞാൻ തന്നെ പറഞ്ഞു; ഈ വ്യക്തി നബി(സ)തിരുമേനിയുടെ ചര്യയും മാതൃകയും വ്യക്തമാക്കാൻ വന്നത് ശരിയാണോ? അപ്പോൾ മലക്കുകൾ അതെ എന്ന് മറുപടി പറഞ്ഞു.

അപ്പോൾ ഞാൻ മലക്കുകളോട് പറഞ്ഞു: 'ഞാൻ ഈ വ്യക്തിവരെ എത്തിപ്പെടാൻ ശ്രമിക്കുന്നതാണ്. അപ്പോൾ മലക്കുകൾ മറുപടി നല്കി: ധാരാളം പേർ ഈ വ്യക്തിവരെ എത്തിപ്പെടാൻ പരിശ്രമിക്കുന്നുണ്ട്. എന്നാൽ, അവിടെ വരെ അവർ എത്തുന്നില്ല. അപ്പോൾ ഞാൻ മലക്കുകളോട് പറഞ്ഞു: ഇൻശാഅല്ലാഹ് ഞാനെത്തുന്നതാണ്. തുടർന്ന് ഞാൻ അവിടെ നിന്നു പോകുന്നു. ഹുദൂറിലേക്ക് ആകാശത്തേക്ക് നോക്കുന്നു. എന്റെ കൈ ഹുദൂറിലേക്ക് നീട്ടിയിട്ട് പറയുന്നു: അങ്ങ് നബി(സ)തിരുമേനിയുടെ ചര്യകൾ വിശദമാക്കാൻ വന്നതാണെന്ന് ഇവർ പറയുന്നു. അപ്പോൾ ഹുദൂർ അതെ എന്ന് മറുപടി പറഞ്ഞു. ഇതേ കാരണത്താലാണ് ഞാൻ മുകളിൽ താങ്കളെ കാണാനും തിരുസമക്ഷത്തിൽ സലാം പറയാനും താങ്കളുടെ അനുഗ്രഹം വാങ്ങി മടങ്ങാനും വന്നതെന്നും ഹുദൂറിനോട് പറഞ്ഞു. അപ്പോൾ ഹുദൂർ ശരിയെന്ന് പറഞ്ഞു. ശേഷം ഹുദൂറിനെ ഞാൻ ആലിംഗനം ചെയ്തു. എനിക്ക് ഹുദൂർ ഒരു കവർ തന്നു. ഞാനത് എന്റെ പോക്കറ്റിലിട്ടു. താഴെ മടങ്ങി വന്ന് ജനങ്ങളോട് പറയുന്നു: 'ഒരു മഹനീയ വ്യക്തിയെ കണ്ടിട്ട് വരികയാണ് ഞാൻ. അദ്ദേഹം എനിക്ക് വേണ്ടി പ്രാർഥിച്ചു. എനിക്ക് സായൂജ്യങ്ങൾ നല്കി. ഞാനീ അനുഗ്രഹങ്ങൾ സ്വന്തം വീട്ടിൽകൊണ്ടു പോകുകയാണ്. ഞാൻ താഴേക്ക് വന്നപ്പോൾ അവിടെ ഒരു ഹെലികോപ്റ്റർ പറക്കുന്നുണ്ടായിരുന്നു. ഇവിടെ ഹെലികോപ്റ്റർ എന്തിനാണ് വന്നതെന്ന് ഞാൻ ജനങ്ങളോട് ചോദിച്ചു. തുടർന്ന് സ്വപ്നത്തിൽത്തന്നെ ഞാൻ ഹെലികോപ്റ്ററിനുള്ളിൽ പ്രവേശിച്ചു.ഇത് ഒരു മസ്ജിദിന്റെ മുകളിലാണ് പറക്കുന്നത്. പ്രസ്തുത മസ്ജിദ് ഖദീജാ മസ്ജിദുപോലെ കാണപ്പെടുന്നു. തുടർന്ന് ഞാൻ മസ്ജിദിലെത്തുമ്പോൾ അനുഗ്രഹങ്ങളു ഉള്ള എന്റെ കവർ ഞാൻ തുറന്നു. ആ അനുഗ്രഹങ്ങൾ സ്വന്തം കുടുംബത്തിൽ ഞാൻ വിതരണം ചെയ്തു.

തുടർന്ന് അദ്ദേഹം പറയുന്നു: 'കഴിഞ്ഞ വർഷം ഞാൻ ജൽസാ സാലാനയിൽ പങ്കെടുത്തിരുന്നു. അവിടെ ഹെലികോപ്റ്ററും പറക്കുന്നുണ്ടായിരുന്നു. പിന്നീട് ഹുദൂർ പതാക ഉയർത്തിയപ്പോൾ ആയിരക്കണക്കിന് പേർ അവിടെനിന്ന് തക്ബീർ ധ്വനികൾ മുഴക്കുന്നുണ്ടായിരുന്നു. നമസ്കരിച്ചതിനു ശേഷം ഞാൻ ഉറങ്ങിയപ്പോൾ അതേ സ്വപ്നം ഞാൻ വീണ്ടും കണ്ടു. ഒരു വ്യക്തി എന്നോട് ചോദിക്കുന്നു; ഒരു മഹനീയ വ്യക്തിയെ ദർശിച്ച സ്വപ്നം താങ്കൾക്ക് ഓർമയുണ്ടോ? ഇന്ന് പതാക ഉയർത്തിയത് അതേ വ്യക്തിത്വമാണ്. അദ്ദേഹത്തെയാണ് സ്വപ്നത്തിൽ താങ്കൾ ദർശിച്ചത്. ഇതിന്നു ശേഷം ഞാനാദ്യമായി ഹുദൂറിനെ കണ്ടപ്പോൾ കരയാൻ തുടങ്ങി.അതിഥികൾ താമസിക്കുന്ന ജൽസാ ഗാഹിനടുത്ത് ഞാനുണ്ടായിരുന്നു. ഹുദൂർ വളരെ അടുത്തുകൂടി കടന്നു പോയി. എന്റെ ജീവിതത്തിൽ ആദ്യമായി ഹുദൂർ എന്നോട് അത്രയധികം അടുത്തു വന്നിരുന്നു. എന്റെ ശരീരത്തിൽ ആരോ പകുതി തിളച്ച വെള്ളം ഒഴിച്ച പ്രതീതി എനിക്കുണ്ടായി. ഇതിനു ശേഷം ഒരു മണിക്കൂർവരെ ഞാൻ കരഞ്ഞു കൊണ്ടിരുന്നു.

മുമ്പേ ഞാൻ ഹുദൂറിനെ വളരെയടുത്തു തന്നെ കണ്ടിരുന്നു. ഇന്ന് ഉന്നതനായ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്ക് ഖദീജ മസ്ജിദിൽവെച്ച് ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ സൗഭാഗ്യം ലഭിച്ചു. ഇതേ മസ്ജിദായിരുന്നു ഞാൻ സ്വപ്നത്തിലും ദർശിച്ചത്. കൂടിക്കാഴ്ചകളുടെ ഈ പരിപാടി 1.40 വരെ നീണ്ടു. ശേഷം അഹ്മദിയ്യാ ജമാഅത്ത് ബെർലിനിലെ പ്രാദേശിക ആമിലാ അംഗങ്ങളും ഖുദ്ദാമുൽ അഹ്മദിയ്യാ ടീമംഗങ്ങളും ഹുദൂറിനോടൊപ്പം ഫോട്ടോ എടുത്ത് സംതൃപ്തരായി.

## ആമീൻപരിപാടി

02.00 മണിക്ക് ഹുദൂർ ഖദീജ മസ്ജിദിലെത്തി. ആമീൻ പരിപാടിക്ക് തുടക്കമിട്ടു. ചുവടെ ചേർക്കുന്ന 24 ആൺപെൺ കുട്ടികളിൽ നിന്നു ഓരോ ആയത്ത് ഹുദൂർ കേട്ടു. ഒടുവിൽ ദുആക്ക് നേതൃത്വം നല്കി. ഈ പരിപാടിയിൽ പങ്കെടുത്ത കുട്ടികളുടെ പേര് താഴെ ചേർക്കുന്നു:

***അസീസാൻ അർസൽ ഇംറാൻ ശാഹിദ്, ബിലാൽ അഹ്മദ്, സർഫറാസ് അഹ്മദ്, നൂറുദ്ദീൻ ഖാസിം, മുഹ്സിൻ ജാവേദ്, മാഹിർ ചീമ, ജാദിബ് അത്വാ, അരീഷ് അഹ്മദ്, ഫർസാദ് മഹ്മൂദ്, ഖാതൂൻ ആരിഫ്, അദ്നാൻ മഹ്മൂദ് മാലിക്, മസ്റൂർ അഹ്മദ് മാലിക്, ഹാരിഥ് വലീദ് അഹ്മദ്, ബാസിൽ ഇംറാൻ.***

***അസീസാത്ത് യുസ്റാ മന്നാൻ, സാറ മൻസ്വൂർ, റൂഹാ ഉമർ, ഹിബാ നാസ്വിർ, സ്വബാഹ് മുനീർ, ഇനായ അഹ്മദ്, താബീന മസ്റൂർ, കശ്മാല സഹ്ർ, അലൂനിയ മസറത്ത് ശാക്കിർ, ആയാൻ ഖാൻ.***

ആമീൻ പരിപാടിക്കുശേഷം ളുഹ്ർ-അസ്വ്ർ നമസ്കാരം ജംഅ് ജമാഅത്തായി നമസ്കരിപ്പിച്ചു. തുടർന്ന് ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

## ഹുദൂർ മഹ്ദിയാബാദിലേക്ക്

ഇന്ന് ഹുദൂർ ബർലിനിൽനിന്നു ഹംബർഗിലെ മഹ്ദിയാബാദിലേക്ക് പുറപ്പെടുന്ന ദിവസമായിരുന്നു. 04.25-ന് താമസസ്ഥലത്തുനിന്നു ഹുദൂർ പുറത്ത് വന്നു. ഹുദൂറിന് യാത്രാമംഗളം നേരുന്നതിന് സ്ത്രീ പുരുഷന്മാരുടെ വലിയൊരു ജനാവലി മിഷൻ ഹൗസിന്റെ പുറം വളപ്പിൽ തടിച്ചു കൂടിയിരുന്നു. പെൺകുട്ടികളുടെ ഗ്രൂപ്പുകൾ പ്രാർഥനാ ഗാനങ്ങളും യാത്രയയപ്പ് ഗീതങ്ങളും ആലപിച്ചു.

മിഷൻഹൗസിന്റെ പുറം വളപ്പിൽ ഹുദൂർ ബാദാം ചെടി നട്ടു. ശേഷം സഹോദരങ്ങൾക്കിടയിൽ വന്നു. കൊച്ചു കുട്ടികൾക്ക് ഹുദൂർ വാത്സല്യത്തോടെ ചോക്ലേറ്റ് നല്കി. സഹോദരങ്ങൾ കൈകളുയർത്തി ഹുദൂറിന് യാത്രാമംഗളം നേരുന്നുണ്ടായിരുന്നു. സ്ത്രീകളും ഹുദൂറിനെ ദർശിച്ചുകൊണ്ട് യാത്രയയപ്പ് നല്കി. 04.40-ന് ഹുദൂർ ദുആക്ക് നേതൃത്വം നല്കി. ഈ സാർഥവാഹക സംഘം ഹുദൂറിനോടൊപ്പം ഹംബർഗിലെ മഹ്ദിയാബാദിലേക്ക് യാത്ര തിരിച്ചു. ഖദീജാ മസ്ജിദിൽനിന്നു മഹ്ദിയാബാദിലേക്ക് 300 കിലോമീറ്റർ ദൂരമാണ്.

സഗെബെർഗ് ജില്ലയിലെ നാഹെ പ്രദേശത്താണ് മഹ്ദിയാബാദ് സ്ഥിതി ചെയ്യുന്നത്. ഷെൾസ്വിഗ് ഹോൾസ്റ്റെയിൻ എന്ന സംസ്ഥാനമാണിത്. ജർമനിയുടെ വടക്കൻ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഇതിന്റെ തലസ്ഥാനം കീലാണ്. ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ജീവിതകാലത്ത് അങ്ങയെ തിരിച്ചറിയുകയും ബയ്അത്ത് ചെയ്യുകയും ചെയ്ത ഒരു ജർമൻകാരന്റെ സ്വദേശമാണിത്.

ഏകദേശം മൂന്ന് മണിക്കൂർ യാത്രക്കുശേഷം 07.45-ന് ഹുദൂർ മഹ്ദിയാബാദിലെത്തി. ഇവിടെ എത്തുന്നതിനു 8 കിലോമീറ്റർ മുമ്പേ തന്നെ പോലീസ് എസ്കോർട്ട് ചെയ്യാൻ ആരംഭിച്ചു.

മഹ്ദിയാബാദിലെ പുറംഗേറ്റിലൂടെ ഹുദൂറിന്റെ വാഹനം ഉള്ളിലേക്ക് പ്രവേശിച്ചതോടെ സമീപ ജമാഅത്തുകളിൽനിന്നു വന്ന 1100 ഓളം വരുന്ന സ്ത്രീ-പുരുഷന്മാരടങ്ങുന്ന അഹ്മദികൾ ചേർന്ന് ഹുദൂറിനെ സ്വീകരിച്ചു. മുദ്രാവാക്യങ്ങളുടെ അകമ്പടിയോടെ അവർ ഹുദൂറിന് സ്വാഗതമോതി. ആൺകുട്ടുകളും പെണ്കുട്ടികളും ഗ്രൂപ്പുകളായി

സ്വാഗത ഗാനവും പ്രാര്‍ഥനാ ഗീതവും ആലപിച്ചു.

നാഹെയിലെ മഹ്ദിയാബാദ് ജമാഅത്തംഗങ്ങളെ കൂടാതെ പിന്‍ബെര്‍ഗ്, ഹുസും, ഡിറ്റ്മാര്‍ഷെന്‍, ബാഡ്സെഗെബെര്‍ഗ്, ഷെലെഷ്വിഗ്, കീല്‍, ലുബെക് ലുണെബെര്‍ഗ്, ബുക്സ്റ്റെഹുഡ്, വെച്ട്ട, സ്റ്റൈഡ്, ഹംബെര്‍ഗ്, ബ്രെമെന്‍ ജമാഅത്തുകളില് നിന്നു അംഗങ്ങള്‍ ഹുദൂറിനെ സ്വീകരിക്കാനെത്തിയിരുന്നു. കുറച്ച് സമയത്തേക്ക് ഹുദൂര്‍ താമസസ്ഥലത്തേക്ക് മടങ്ങി.

08.30-ന് ഹുദൂര്‍ താമസസ്ഥലത്തുനിന്നു പുറത്തുവന്നു. പ്രദേശത്തിന്‍റെ മേയര്‍ ഹോള്‍ഗര്‍ ഫിഷര്‍ ഹുദൂറിനെ സ്വീകരിക്കാന്‍ വന്നിരുന്നു. മഹ്ദിയാബാദ് സ്വദ്ര്‍ ആദരണീയ അബ്ദുര്‍റഊഫ് സാഹിബ് ഹുദൂറില്‍ നിന്നു ഹസ്തദാനം സ്വീകരിച്ചു. ഹുദൂര്‍ മേയര് സാഹിബുമായി കുശലാന്വേഷണം നടത്തുകയും ഹസ്തദാനം നല്കുകയും ചെയ്തു.

തുടര്‍ന്ന് മസ്ജിദ് ബയ്ത്തുല്‍ബസ്വീറില്‍ മഗ്രിബ്-ഇശാ നമസ്കാരം ജംഅ് ജമാഅത്തായി നിര്‍വഹിക്കാന്‍ നേതൃത്വം നല്കി.

**2019 ഒക്ടോബര്‍ 24 വ്യാഴാഴ്ച**

രാവിലെ 07.00 മണിക്ക് മസ്ജിദ് ബയ്ത്തുല്‍ ബസ്വീറില്‍ ഹുദൂര്‍ സ്വുബ്ഹി നമസ്കരിപ്പിച്ചു.

രാവിലെ ഓഫീസ് സംബന്ധമായ കത്തുകളും സാധാരണ കത്തുകളും റിപ്പോര്‍ട്ടുകളും പരിശോധിച്ചു. റിപ്പോര്‍ട്ടുകളില്‍ ആവശ്യമായ നിര്‍ദേശം നല്കി. മറ്റ് ഓഫീസ് സംബന്ധമായ പ്രവര്‍ത്തനങ്ങളില്‍ ഹുദൂര്‍ വ്യാപൃതനായി.

**ജനാസ ഹാളിര്‍ ഗായിബ് നമസ്കാരങ്ങള്‍**

ഉച്ചക്ക് 02.00 മണിക്ക് പാക്കിസ്താനിലെ റഹീംയാര്‍ഖാനിലെ ചെക്ക് നമ്പര്‍ 106-ല്‍ താമസിച്ചിരുന്ന ബശീര്‍ അഹ്മദ് സാഹിബ് മര്‍ഹൂമിന്‍റെ ഭാര്യ കുല്‍സൂം അഖ്തര്‍ സാഹിബയുടെ ജനാസ ഹാളിര്‍ നമസ്കാരത്തിന് ഹുദൂര്‍ നേതൃത്വം നല്കി. കൂടാതെ ചുവടെ ചേര്‍ക്കുന്ന ആറ് പേരുടെ ജനാസ ഗായിബും അതോടൊപ്പം നമസ്കരിപ്പിച്ചു.

**1. പാക്കിസ്താന്‍, റബ്വയിലെ റാണാ മുഹമ്മദ് ശഹ്ബാസ് സാഹിബിന്‍റെ ഭാര്യ സലീം അഖ്തര്‍ സാഹിബ**

**2. പാക്കിസ്താന്‍, റബ്വയിലെ മുന്‍ഡെപ്യൂട്ടി വക്കീലുല്‍മാല്‍ ഥാനീ ചൗദ്‌രി മുഹമ്മദ് ശരീഫ് സാഹിബിന്‍റെ ഭാര്യ അമത്തുല്‍ ഖയ്യൂം സാഹിബ**

**3. മുഹമ്മദ് അന്‍വര്‍ ഹാശ്മി സാഹിബ്.**

**4. അശ്റഫ് നദീര്‍ അഹ്മദ് സാഹിബ്.**

**5. അസ്മാ മുംതാസ് സാഹിബ**

**6. അഖ്തര്‍ ഹുസയ്ന്‍ സാഹിബ് ഓഫ് ഖാദിയാന്‍.**

ശേഷം ഹുദൂര്‍ മസ്ജിദ് ബയ്ത്തുല്‍ ബസ്വീറില്‍ ളുഹ്ര്‍-അസ്വ്ര്‍ നമസ്കാരങ്ങള്‍ ജംഅ് ജമാഅത്തായി നമസ്കരിപ്പിച്ചു.

06.00 മണിക്ക് ഹുദൂര്‍ ഓഫീസിലെത്തി. കുടുംബപരമായ കൂടിക്കാഴ്ചകള്‍ക്ക് തുടക്കം കുറിച്ചു. ഇന്നു വൈകുന്നേരം നടന്ന ഈ സെഷനില്‍ 35 കുടുംബങ്ങളില്‍ നിന്നുമുള്ള 114 അംഗങ്ങളും 11 ആളുകള്‍ വ്യക്തിഗതമായും തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തി. മഹ്ദിയാബാദ് ജമാഅത്തിനെ കൂടാതെ ചുവടെ ചേര്‍ക്കുന്ന ജമാഅത്തുകളിലെ അംഗങ്ങള്‍ ഹുദൂറുമായി കൂടിക്കാഴ്ച നടത്താന്‍ എത്തിയിരുന്നു.

സൊള്‍ടാവു, ഹംബെര്‍ഗ്, കീല്‍, ബ്രെമെന്‍, പിന്നെബെര്‍ഗ്, ല്യൂബെക്, രഹീനെ, ജെസ്റ്റേബര്‍ഗ്, ഹാന്നോവര്‍ ജമാഅത്തുകള്‍ കൂടാതെ പാക്കിസ്താനില്‍നിന്നുള്ള ഒരു സ്നേഹിതനും ഹുദൂറുമായി കൂടിക്കാഴ്ചക്ക് അവസരം ലഭിച്ചു.

എല്ലാവര്‍ക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു. ഹുദൂര്‍ വിദ്യാര്‍ഥി വിദ്യാര്‍ഥിനികള്‍ക്ക് വാത്സല്യപൂര്‍വം പേനയകളും ചെറിയ കുട്ടികള്‍ക്ക് ചോക്ലേറ്റും നല്കി. കൂടിക്കാഴ്ചകളുടെ ഈ പരിപാടി 08.00 മണിവരെ നീണ്ടു. ശേഷം മസ്ജിദ് ബെയ്ത്തുല്‍ ബസ്വീറില്‍ മഗ്‌രിബ്-ഇശാ നമസ്കാരങ്ങള്‍ ജംഅ് ജമാഅത്തായി നമസ്കരിപ്പിച്ചു.

**(തുടരും)**

പേജ് 5 ല്‍ നിന്ന്

രാട്ടം നേരിടേണ്ടിവരും. അല്ലാഹു തീര്‍ച്ചയായും അദ്ദേഹത്തിന്‍റെ കൈയില്‍ വിജയം പ്രദാനം ചെയ്യുന്നതായിരിക്കും. *(അല്‍ ഇക്തിഫാ, വാള്യം 2, ഭാഗം 1, പേജ് 72 ആലമുല്‍കുതുബ് ബെയ്റുത്ത് 1997)*

ഹദ്റത്ത് അബൂബക്ര്‍(റ) യമാമയില്‍ നിന്നു വരുന്ന വാര്‍ത്തകള്‍ ആകാംക്ഷയോടെ കാത്തിരുന്നു. ഖാലിദില്‍നിന്ന് ഏതെങ്കിലും ദൂതന്‍ വരുമ്പോള്‍ അയാളില്‍നിന്ന് അവിടന്ന് വിവരങ്ങള്‍ കരസ്ഥമാക്കുമായിരുന്നു. ഒരു ദിവസം ഹദ്റത്ത് അബൂബക്ര്‍(റ) ഉച്ചനേരത്ത് വെയിലില്‍ പുറത്തിറങ്ങി. അവിടന്ന് മദീനയില്‍നിന്ന് മൂന്നു മൈല്‍ ദൂരത്തുള്ള സ്വറാര്‍ എന്ന സ്ഥലത്ത് പോകാനാഗ്രഹിച്ചിരുന്നു. അദ്ദേഹത്തോടൊപ്പം ഹദ്റത്ത് ഉമര്‍, ഹദ്റത്ത് സയീദ് ബിന്‍ സയ്ദ്(റ), ഹദ്റത്ത് ത്വല്‍ഹ ബിന്‍ ഉബയ്ദുല്ലാഹ്(റ), എന്നിവരെ കൂടാതെ മുഹാജിരീങ്ങളുടേയും അന്‍സ്വാറിന്‍റേയും ഒരു സംഘവുമുണ്ടായിരുന്നു. അവിടന്ന് അബൂ ഖയ്ഥമ നജ്ജാരിയെ കണ്ടു. അദ്ദേഹത്തെ ഹദ്റത്ത് ഖാലിദ് അയച്ചതായിരുന്നു. അദ്ദേഹത്തെ ഹദ്റത്ത് അബൂബക്ര്‍(റ) കണ്ടപ്പോള്‍ പറഞ്ഞു: അബൂഖയ്ഥമാ! എന്തു വാര്‍ത്തയാണുള്ളത്? അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്‍റെ റസൂലിന്‍റെ ഖലീഫയായുള്ളോവേ! നല്ല വാര്‍ത്തയാണുള്ളത്! അല്ലാഹു നമുക്ക് യമാമായുടെമേല്‍ വിജയം നല്കിയിരിക്കുന്നു. നിവേദകന്‍ പറയുന്നു:ഹദ്റത്ത് അബൂബക്ര്‍(റ) സുജൂദ് ചെയ്തു. അബൂഖയ്ഥമ പറഞ്ഞു: താങ്കളുടെ പേരില്‍ ഖാലിദിന്‍റെ കത്തുണ്ട്. ഹദ്റത്ത് അബൂബക്റും(റ) അവിടത്തെ സഹാക്കളും അല്ലാഹുവിനെ സ്തുതിച്ചു. പിന്നീട് അവിടന്ന് പറഞ്ഞു: 'എന്നോടു യുദ്ധത്തെ കുറിച്ച് പറയുക. എങ്ങനെയുണ്ടായിരുന്നു?' അബൂഖയ്ഥ അദ്ദേഹത്തോടു പറയാന്‍ തുടങ്ങി, ഖാലിദ് എന്തൊക്കെയാണ് ചെയതതെന്ന്! എങ്ങനെയാണ് തന്‍റെ അണികളെ ക്രമീകരിച്ചതെന്ന്! മുസ്‌ലിമീങ്ങള്‍ ക്ക് ഏതുരീതിയിലുള്ള തോല്‍വിയാണുണ്ടായതെന്ന്! ആരെല്ലാമാണ് അവരില്‍നിന്ന് ശഹാദായതെന്ന്! ഹദ്റത്ത് അബൂബക്ര്‍(റ) *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊന്‍* എന്ന് ചൊല്ലി അവര്‍ക്കുവേണ്ടി കാര്യണ്യത്തിന് ദുആ ചെയ്തു. അബു ഖയ്ഥമ വീണ്ടും പറഞ്ഞു തുടങ്ങി: 'അല്ലാഹുവിന്‍റെ റസൂലിന്‍റെ ഖലീഫയായുള്ളോവേ! ഞങ്ങള്‍ ബദ്‌വികളാണ്. അവര്‍ ഞങ്ങളെ തോല്‍പിച്ചു, ഞങ്ങള്‍ ഇഷ്ടപ്പെടാത്തത് ഞങ്ങളോട് അവര്‍ ചെയ്തു, അതിനുശേഷം അല്ലാഹു അവരുടെമേല്‍ ഞങ്ങള്‍ക്ക് വിജയം നല്‍കി.' ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ) പറഞ്ഞു: 'ഞാന്‍ സ്വപ്നത്തില്‍ കണ്ടത് തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. ഖാലിദിന് വളരെ ഘോരമായ യുദ്ധം നേരിടേണ്ടി വരുമെന്ന ചിന്ത എന്‍റെ മനസ്സിലുണ്ടായി, ഒരുപക്ഷേ, ഖാലിദ് അവരുമായി സന്ധി ചെയ്തില്ലായിരുന്നുവെങ്കില്‍ അവരെ വാളിന്‍റെ മുനയില്‍ നിറുത്തിയിരുന്നുവെങ്കില്‍ എന്ന് ഞാന്‍ ആഗ്രഹിക്കുന്നു. ഈ ശുഹദാക്കള്‍ക്കുശേഷം യമാമക്കാര്‍ക്ക് ജീവിക്കാന്‍ എന്ത് അവകാശമാണുള്ളത്? അവരുടെ ഈ മുസയ്‌ലിമ കദ്ദാബ് കാരണം അവരും അവരോടൊപ്പമുള്ളവരും അല്ലാഹു രക്ഷപ്പെടുത്തുന്നവരൊഴിച്ച് ഖിയാമത്തുന്നാള്‍വരെ പരീക്ഷിക്കപ്പെടുന്നതാണ്. അതിനുശേഷം യമാമക്കാരുടെ കൂട്ടം ഹദ്റത്ത് ഖാലിദ് ബിന്‍ വലീദിനൊപ്പം ഹദ്റത്ത് അബൂബക്ര്‍ സിദ്ദീഖ്(റ)ന്‍റെ അടുക്കല്‍ ഹാജരായി. *(അല്‍ ഇക്തിഫാ, വാള്യം 2, ഭാഗം 1, പേജ് -72-73 , ആലമുല്‍കുതുബ് ബെയ്റുത്ത് 1997)(ഫര്‍ഹങ്കെ സീറത്ത്പേജ് 172, സവാര്‍ അക്കാഡമി കറാച്ചി 2004)*

വധിക്കപ്പെട്ടവരുടെ എണ്ണത്തെ കുറിച്ച് പറയപ്പെടുന്നത് ഈ യുദ്ധത്തില്‍ കൊല്ലപ്പെട്ട മുര്‍ത്തദ്ദീങ്ങളുടെ എണ്ണം പതിനായിരത്തോളം വരുമെന്നാണ്. മറ്റൊരു നിവേദനമനുസരിച്ച് ഇരുപത്തൊന്നായിരമെന്നും പറയപ്പെടുന്നുണ്ട് എന്നാല്‍ അഞ്ഞൂറോ അറുന്നൂറോ മുസ്‌ലിമീങ്ങള്‍ ശഹീദാകുകയുണ്ടായി. ചില നിവേദനങ്ങളില്‍ യമാമ യുദ്ധത്തില്‍ ശഹീദായ മുസ്‌ലിങ്ങളുടെ എണ്ണം എഴുന്നൂറ്, ആയിരത്തി ഇരുന്നൂറ്, ആയിരത്തി എഴുന്നൂറ് എന്നും പറയുന്നുണ്ട്. *(അല്‍ബിദായ വന്നിഹായവാള്യം 3, ഭാഗം 6, പേജ് 321, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്റത്ത് 2001)(ഫുതൂഹുല്‍ബുല്‍ദാന്‍ ലിഇമാം അബില്‍ഹസന്‍ അഹ് മദ് ബിന്‍ യഹ്‌യാ അല്‍ബിലാദരീ പേജ് 63, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്റത്ത് 2000)*

ഒരു നിവേദനപ്രകാരം ഒരു യുദ്ധത്തില്‍ ശഹീദായവരില്‍ എഴുന്നൂറില്‍ കൂടുതല്‍ ഖുര്‍ആന്‍ മനഃപ്പാഠമാക്കിയവരുണ്ടായിരുന്നു എന്നാണ്. *(ഉംദത്തുല്‍ഖാരി, ശറഹ് സ്വഹീഹ് ബുഖാരി, കിതാബു ഫളാഇലുല്‍ഖുര്‍ആന്‍, ബാബു ജംഉല്‍ ഖുര്‍ആന്‍, വാള്യം*

*20,പേജ് 23, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത് 2001)*

ആ ശഹീദായവരിൽ മഹാന്മാരായ സ്വഹാബാക്കളും വിശുദ്ധ ഖുർആൻ ഹാഫിളുമാരുമു ണ്ടായിരുന്നു. അവരുടെ സ്ഥാന മഹാത്മ്യം മുസ്‌ലിമീങ്ങൾക്കിടയിൽ ഉയർന്നതായിരുന്നു. അവരുടെ ശഹാദത്ത് മഹാ ദുരന്തമായിരുന്നു. എന്നാൽ, ഹാഫിളുമാരുടെ ശഹാദത്ത് വിശുദ്ധ ഖുർആൻ ക്രോഡീകരണത്തിന് നിമിത്തമായി. ശുഹദാക്കളിൽ പ്രസിദ്ധരായ സ്വഹാബക്കളായിരുന്നു ഹദ്റത്ത് സയ്ദ് ബിൻ ഖത്താബ്, ഹദ്റത്ത് അബൂഹുദയ്ഫാ ബിൻ ഉത്ബ ബിൻ റബീഅ, ഹദ്റത്ത് സാലിം മൗലാ അബീഹുദയ്ഫ, ഹദ്റത്ത് ഖാലിദ് ബിൻ ഉസയ്ദ്, ഹദ്റത്ത് ഹകം ബിൻ സയീദ്, ഹദ്റത്ത് ത്വുഫയ്ൽ ബിൻ അംറ് ദൗസി, ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമിന്റെ സഹോദരൻ ഹദ്റത്ത് സാഇബ് ബിൻ അവ്വാം, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹാരിഥ് ബിൻ ഖയ്സ്, ഹദ്റത്ത് അബ്ബാദ് ബിൻ ഹാരിഥ്, ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്ർ, ഹദ്റത്ത് മാലിക് ബിൻ ഔസ്, ഹദ്റത്ത് സുറാഖാ ബിൻ കഅബ്, ഹദ്റത്ത് മഅൻ ബിൻ അദിയ്യ്, ഖത്വീബ് റസൂൽ(സ) ഹദ്റത്ത് ഥാബിത് ബിൻ ഖയ്സ് ബിൻ ശമ്മാസ്, ഹദ്റത്ത് അബൂദുജാനാ, കപടവിശ്വാസികളുടെ നേതാവയിരുന്ന അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റെ സത്യവിശ്വാസിയായ പുത്രൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ദുല്ലയും, ഹദ്റത്ത് യസീദ് ബിൻ ഥാബിത് ഹസ്‌റജിയും. *(ഫുതൂഹുൽബുൽദാൻ പേജ് 124-126, പ്രസാധകർ മുഅസ്സസത്തുൽമആരിഫ് ബെയ്റുത്ത് 1987)*

ചില ചരിത്രകാരന്മാരുടെ അഭിപ്രായ മനുസരിച്ച് യമാമ യുദ്ധം റബീഉൽ അവ്വൽ 12 ഹിജ്റിയിലാണ് നടന്നത്. എന്നാൽ, ചിലരുടെ അഭിപ്രായം 11 ഹിജ്റിയുടെ അവസാനത്തിലണെന്നാണ്. ഈ രണ്ട് അഭിപ്രായങ്ങളേയും ഒരുമിപ്പിച്ചുകൊണ്ട് നമുക്ക് ഇപ്രകാരം പറയാം. യമാമ യുദ്ധത്തിന്റെ ആരംഭം 11 ഹിജ്റിയിലും അവസാനം 12 ഹിജ്റിയിലും ആയിരിക്കാം. *(അൽബിദായ വന്നിഹായവാള്യം 3, ഭാഗം 6, പേജ് 322, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത് 2001)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: "ഏതൊരു കൂട്ടരാണോ പ്രവാചകവാദമുന്നയിക്കുകയും സ്വഹാബാക്കളുമായി യുദ്ധം ചെയ്യുകയും ചെയ്തത് അവർ ഇസ്‌ലാമിക ഭരണകൂടത്തിനെതിരെ കലാപം സൃഷ്ടിക്കുകയും ഭരണത്തിന്നെതിരിൽ യുദ്ധാഹ്വാനം നടത്തുകയും ചെയ്തു. നബി(സ)തിരുമേനിയുടെ കാലത്തുതന്നെ മുസയ്‌ലിമ കദ്ദാബ് നബി(സ)തിരുമേനിക്ക് എഴുതുകയുണ്ടായി: 'എനിക്ക് കല്പന ലഭിച്ചതു പ്രകാരം അറേബ്യൻ രാജ്യത്തിന്റെ പകുതി ഞങ്ങൾക്കും ബാക്കി പകുതി ഖുറയ്ശികൾക്കുമുള്ളതാകുന്നു. നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം ഹജ്‌റിൽ നിന്നും യമാമയിൽ നിന്നും അതിന്റെ ഗവർണറായിരുന്ന ഥുമാമ ബിൻ ഉഥ്ഥാലിനെ പുറത്താക്കിക്കൊണ്ട് സ്വയം അതിന്റെ അധികാരം അയാൾ പിടിച്ചെടുക്കുകയും മുസ്‌ലിമീങ്ങളെ അക്രമിക്കുകയും ചെയ്തു. അതുപോലെ മദീനയിലെ സ്വഹാബാക്കളായിരുന്ന ഹബീബ് ബിൻ സയ്ദിനേയും അബ്ദുല്ലാഹ് ബിൻ വഹബിനേയും തടവിലാക്കുകയും അവരെ തന്റെ നുബുവ്വത്തിൽ വിശ്വസിക്കാൻ നിർബന്ധിക്കുകയുമുണ്ടായി. അബ്ദുല്ലാഹ് ബിൻ വഹബ് പേടിച്ചുകൊണ്ട് മുസയ്‌ലിമയുടെ വാക്കുകൾ വിശ്വസിച്ചു. എന്നാൽ, ഹബീബ് ബിൻ സയ്ദ് അദ്ദേഹത്തിന്റെ വാക്കുകൾ നിഷേധിച്ച കാരണത്താൽ അദ്ദേഹത്തിന്റെ അവയവങ്ങൾ തുണ്ടം തുണ്ടമാക്കി അഗ്നിക്കിരയാക്കി. ഇതുപോലെ യമനിൽ നബി(സ)തിരുമേനി ഉദ്യോഗസ്ഥരാക്കിയിരുന്നവരേയും ബന്ധനസ്ഥരാക്കുകയും അവരിൽ ചിലർക്ക് കഠിന ശിക്ഷ നൽകുകയും ചെയ്തു. ത്വബ്‌രിയിൽ എഴുതിയിരിക്കുന്നു, അസ്‌വദ് അൻസിയും കലഹമുണ്ടാക്കുകയും നബി(സ)തിരുമേനി നിയമിച്ചിരുന്ന ഭരണാധികാരികളെ ബുദ്ധിമുട്ടിക്കുകയും അവരിൽനിന്നു സക്കാത്ത് പിടിച്ചുവാങ്ങാൻ കൽപന നൽകുകയും ചെയ്തു. നബി(സ)തിരുമേനി സ്വൻആയിൽ നിയമിച്ചിരുന്ന ഉദ്യോഗസ്ഥൻ ശഹ്ർ ബിൻ ബാദാനുമേൽ ആക്രമണം നടത്തി. ഒത്തിരി മുസ്‌ലിമീങ്ങളെ വധിക്കുകയും, കൊള്ളയടിക്കുകയും ഗവർണറെ വധിക്കുകയും അദ്ദേഹത്തിന്റെ മുസ്‌ലിം സഹധർമിണിയെ നിർബന്ധിച്ച് നിക്കാഹ് കഴിക്കുകയും ചെയ്തു. ബനൂനജ്റാനും കലഹങ്ങൾ സൃഷ്ടിച്ച് അസ്‌വദ് അൻസിയുടെ കൂടെനിന്ന് സ്വഹാബിമാരായ അംറ് ബിൻ ഹസ്മിനേയും ഖാലിദ് ബിൻ സയീദിനേയും ആ പ്രദേശത്ത് നിന്ന് പുറത്താക്കി.

നബി(സ) തിരുമേനിയുടെ ഉമ്മത്തിൽ നിന്നു നബി ഉണ്ടാകുമെന്ന അവകശവാദം ഉന്നയിച്ചത് കൊണ്ടോ, നബി(സ) തിരുമേനിയുടെ ദീനിന്റെ പ്രചാരകരാണെന്ന വാദത്തിന്റെ അടിസ്ഥാനത്തിലോ ആയിരുന്നില്ല നുബുവ്വത്ത് വാദികളെ നേരിട്ടിരുന്നതെന്ന കാര്യം പ്രസ്തുത സംഭവങ്ങളിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. എന്നാൽ, സ്വഹാബാക്കൾ അവരോട് യുദ്ധം ചെയ്യാനുണ്ടായ കാരണം ഇസ്‌ലാമിക ശരീഅത്തിനെ കാലഹരണപ്പെടുത്തിക്കൊണ്ട് സ്വന്തം നിയമങ്ങൾ നടപ്പിൽ വരുത്തുകയും സ്വന്തം പ്രദേശങ്ങളിലെ ഭരണാധികാരികളാണ് തങ്ങളെന്ന് അവകാശവാദം ഉന്നയിക്കുന്നതോടൊപ്പം ഇക്കൂട്ടർ സ്വഹാബാക്കളെ ഇല്ലാതാക്കുകയുമുണ്ടായി.'' *(മൗലാനാ മൗദൂദി സാഹിബിന്റെ പുസ്തകം 'ഖാദിയാനീ മസ്അലകാ ജവാബ്' അൻവാറുൽഉലൂം, വാള്യം 24, പേജ്12-14)*

അവർ ഇസ്‌ലാമിക രജ്യങ്ങളെ ആക്രമിക്കുകയും നിലവിലുണ്ടായിരുന്ന ഭരണത്തിന്നെതിരിൽ ധിക്കാരം പ്രവർത്തിക്കുകയും സ്വയം സ്വാതന്ത്ര്യവിളംബരം നടത്തുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നബി(സ)തിരുമേനിയുടെ വിയോഗാനന്തരം കാട്ടു വാസികളായിരുന്ന ഗ്രാമീണർ മതപരിത്യാഗികളായി. ഇത്തരം ബലഹീനമായ അവസ്ഥയെ സംബന്ധിച്ച് ഹദ്റത്ത് ആഇശാ സിദ്ദീഖ(റ)പറയുന്നു: നബി(സ) തിരുമേനിയുടെ വിയോഗാനന്തരം കള്ള നുബുവ്വത്ത് വാദികൾ പൊട്ടിപുറപ്പെടുകയും നമസ്കാരം ഉപേക്ഷിച്ചുകൊണ്ട് നിറമാറ്റം നടത്തുകയുമുണ്ടായി. ഈ അവസ്ഥയിലും വിഷമഘട്ടത്തിലുമാണ് എന്റെ പിതാവ് നബി(സ)തിരുമേനിയുടെ പ്രതിനിധിയും ഖലീഫയുമായത്. എന്റെ പിതാവ് അനുഭവിച്ച യാതനയും ദുഃഖവും ഒരുപക്ഷേ, പർവതത്തിന് ഏറ്റിരുന്നെങ്കിൽ അത് പിളർന്ന് തരിപ്പണമായേനേ. പർവതങ്ങൾ ശിഥിലമാവുന്ന വിഷമഘട്ടങ്ങളിൽ പോലും അടിപതറാതെ സഹനത്തോടും ധൈര്യത്തോടും നിൽക്കുക എന്നത് സാധാരണ മനുഷ്യന് കഴിയുന്ന ഒന്നല്ലെന്ന കാര്യം ചിന്തിച്ച് നോക്കുക. സത്യസന്ധത ഉണ്ടെങ്കിൽ മാത്രമേ സ്ഥിരചിത്തത കൈക്കൊള്ളാൻ സാധിക്കൂ എന്ന കാര്യം സിദ്ദീഖ് തന്നെ കാണിച്ചു തരികയുണ്ടായി. അപകടകരമായ അവസ്ഥയെ നിയന്ത്രിക്കാൻ ഒരുപക്ഷേ, മറ്റാർക്കും സാധ്യമല്ല. ആ സമയത്ത് എല്ലാ സ്വഹാബാക്കളും ഉണ്ടായിരുന്നിട്ടുപോലും അത്തരം സാഹചര്യത്തെ നിയന്ത്രിക്കാൻ അവർ ആരും സന്നദ്ധരായില്ല. പ്രശ്നങ്ങളുടെ അഗ്നി പുകയുന്നതുകണ്ടിട്ടും അതിനെ അണയ്ക്കാൻ അവർ തയ്യാറായില്ല. എന്നാൽ, പ്രസ്തുത സാഹചര്യത്തിൽ ഹദ്റത്ത് ഉമർ(റ) തന്റെ കരങ്ങൾ


ത്വാലിബെ ദുആ



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• ഹദീഥുന്നബ്‌വി(സ) •**

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*


താലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

നീട്ടിക്കൊണ്ട് ഹദ്റത്ത് അബൂബക്ർ[റ]ന് ബയ്അത്ത് ചെയ്യുകയും അതിനുശേഷം ഒരോരുത്തരായി ബയ്അത്ത് ചെയ്യുകയുമുണ്ടായി. ഇത് യഥാർഥത്തിൽ അദ്ദേഹത്തിന്റെ സത്യസന്ധത കാരണമാണ് പ്രശ്നങ്ങൾ ഇല്ലാതാവുകയും ഉഗ്രവിഷങ്ങളെ നശിപ്പിക്കൻ ഇടയായതും. മുസയ്ലിമയുടെകൂടെ ഒരു ലക്ഷത്തിൽപരം അനുയായികളുണ്ടായിരുന്നു അവരുടെ പ്രശ്നങ്ങൾ 'അബാഹത്ത്' ആയിരുന്നു.'

അതായത് നിഷിദ്ധകാര്യങ്ങളെ അനുവദനീയമാക്കിയിരുന്നു. ഇത് സംബന്ധിച്ച് മുമ്പേയും വിശദീകരിച്ചിട്ടുള്ളതാണ്. എന്തായാലും പറഞ്ഞു:

'ആളുകൾ നിഷിദ്ധകാര്യങ്ങളെ അനുവദനീയമാക്കിയത് കണ്ടുകൊണ്ട് അവരുടെ മതത്തിൽ അണിചേരുമായിരുന്നു. എന്നാൽ, അല്ലാഹു തന്റെ സാമീപ്യത്തിന്റെ തെളിവുകൾ നല്കുകയും എല്ലാ ബുദ്ധിമുട്ടുകളേയും എളുപ്പമാക്കുകയും ചെയ്തു.' *(മൽഫൂദാത്ത് വാള്യം 1, പേജ് 378-379)*

ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: "ഗവേഷകരുടെ പക്കൽ അദ്ദേഹത്തിന്റെ ഖിലാഫത്തുകാലം ഭയത്തിന്റേയും പ്രയാസങ്ങളുടേയും കാലമായിരുന്നു എന്ന സംഗതി ഗോപ്യമല്ല. നബി[സ]തിരുമേനി വഫാത്തായപ്പോൾ ഇസ്‌ലാമിനും മുസ്‌ലിമീങ്ങൾക്കുമ്മേൽ പ്രയാസങ്ങൾ വന്നു ഭവിക്കുകയുണ്ടായി. നിരവധി കപടവിശ്വാസികൾ മതപരിത്യാഗികളായി. മതപരിത്യാഗികൾ രൂക്ഷമായി സംസാരിക്കാൻ തുടങ്ങി. ആരോപണങ്ങൾ ഉന്നയിക്കുന്നവരുടെ ഒരു സംഘം നുബുവ്വത്ത് വാദിച്ചുതുടങ്ങി. ഭൂരിഭാഗം ഗ്രാമീണ വാസികളും അവർക്ക് ചുറ്റിലുംകൂടി. എത്രത്തോളമെന്നാൽ മുസയ്ലിമത്തുൽ കദ്ദാബിന്റെ കൂടെ ഒരു ലക്ഷത്തോളം വിവരദോഷികളും ദുസ്സ്വഭാവികളും ചേരുകയുണ്ടായി. കലാപം പൊട്ടിപ്പുറപ്പെട്ടു. പ്രയാസങ്ങൾ വർധിച്ചു. ആപത്തുകളെല്ലാഭാഗത്തും വലയംചെയ്യാൻ തുടങ്ങി. വിശ്വാസികൾക്കുമേൽ ഒരു ശക്തമായ ഭൂകമ്പം തന്നെയുണ്ടായി. ആ സമയത്ത് എല്ലാവരും പരീക്ഷിക്കപ്പെട്ടു. ഭയാനകവും അമ്പരിപ്പിക്കുകയും ചെയ്യുന്ന അവസ്ഥകൾ വെളിപ്പെട്ടു. വിശ്വാസികളുടെ നിസ്സഹായാവസ്ഥ എങ്ങനെയായിരുന്നുവെന്നാൽ, അവരുടെ മനസ്സുകളിൽ തീപ്പൊരികൾ പാറിയതുപോലെയായി. അല്ലെങ്കിൽ അവർ വാളുകൊണ്ട് അറുക്കപ്പെട്ടതുപോലെയായി. ചിലപ്പോൾ അവർ ആ ഉത്തമ റസൂലിന്റെ വേർപാടു കാരണത്താലും ചിലപ്പോൾ കത്തിച്ചുച്ചാമ്പലാക്കുംവിധം അഗ്നിയുടെ രൂപത്തിൽ പ്രകടമായ കലാപങ്ങൾ കാരണത്താലും നിസഹായരായി. സമാധാനത്തിന്റെ സൂചനപോലും ഉണ്ടായിരുന്നില്ല. ഫിത്ന ഉണ്ടാക്കുന്നവർ ചപ്പുചവറുകൂനയിൽ കിളിർത്തു പൊന്തുന്ന പച്ചപ്പുപോലെ വ്യാപിച്ചു. വിശ്വാസികളുടെ ഭയവും പരിഭ്രമവും വളരെയേറെ വർധിച്ചു. ഹൃദയം ഭയവും അസ്വസ്ഥതയുംകൊണ്ട് വിറകൊള്ളാൻ തുടങ്ങി.

ആ സമയത്താണ് ഹദ്റത്ത് അബൂബക്ർ[റ] കാലത്തിന്റെ ഭരണാധിപനും ഹദ്റത്ത് ഖാതമുന്നബിയ്യീനിന്റെ ഖലീഫയുമാക്കപ്പെട്ടത്. മുനാഫിഖീങ്ങളുടെയും കാഫിരീങ്ങളുടെയും മുർത്തദ്ദീങ്ങളുടെയും നിലപാടുകളും രീതികളും കണ്ടപ്പോൾ അദ്ദേഹവും ദുഖത്തിലാണ്ടുപോയി. അദ്ദേഹം കാലവർഷംപോലെ കരയാൻ തുടങ്ങി. അദ്ദേഹത്തിന്റെ കണ്ണീർ, ഒഴുകുന്ന അരുവിപോലെ നിർഗമിച്ചുകൊണ്ടിരുന്നു. ആ മഹാത്മാവ് തന്റെ നാഥനോട് ഇസ്‌ലാമിന്റെയും മുസ്‌ലിമീങ്ങളുടെയും നന്മക്കുവേണ്ടി പ്രാർഥനാനിരതനായി.

ഹദ്റത്ത് ആഇശാ[റ]യിൽനിന്ന് നിവേദനം. അവർ പറയുന്നു: "എന്റെ പിതാവ് ഖലീഫയാക്കപ്പെട്ടു. അല്ലാഹു അദ്ദേഹത്തിന് നേതൃത്വം നല്കുകയും ചെയ്തു. അപ്പോൾ ഖിലാഫത്തിന്റെ ആദ്യ കാലത്തുതന്നെ അദ്ദേഹം എല്ലാതരം ഫിത്നകളുടെ തിരമാലകളും കള്ള നുബുവ്വത്ത് വാദികളുടെ അശാന്ത പരിശ്രമങ്ങളും മുർത്തദ്ദായ മുനാഫിഖീങ്ങളുടെ കലാപങ്ങളും കാണുകയുണ്ടായി. അദ്ദേഹത്തിന് എത്രമാത്രം പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നുവെന്നാൽ അവയെല്ലാം ഒരു പർവതത്തിനുമേൽ പതിച്ചിരുന്നുവെങ്കിൽ തീർച്ചയായും അത് ഭൂമിയോടു ചേരുകയും ധൂളീകരിക്കപ്പെടുകയും ചെയ്യുമായിരുന്നു. എന്നാൽ, അദ്ദേഹത്തിന് പ്രവാചകന്മാരുടേതുപോലുള്ള ക്ഷമയാണ് നൽകപ്പെട്ടത്. എത്രത്തോളമെന്നാൽ അല്ലാഹുവിന്റെ സഹായമെത്തുകയും കള്ള പ്രവാചകൻ കൊല്ലപ്പെടുകയും മുർത്തദ്ദീങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്തു. ഫിത്നകൾ അകറ്റപ്പെട്ടു. പ്രയാസങ്ങൾ ഇല്ലാതാക്കപ്പെട്ടു. കാര്യങ്ങൾ തീരുമാനിക്കപ്പെട്ടു. ഖിലാഫത്തിന്റെ കാര്യം സുദൃഢമായി. അല്ലാഹു വിശ്വാസികളെ ആപത്തുകളിൽ നിന്ന് രക്ഷിച്ചു. അവരുടെ ഭയം സമാധാനത്തിലേക്ക് മാറ്റപ്പെട്ടു. അവർക്കുവേണ്ടി അവരുടെ ദീനിനെ പ്രബലമാക്കി. ഒരു ലോകത്തെതന്നെ സത്യത്തിൽ നിലനിറുത്തി. കുഴപ്പക്കാരുടെ മുഖങ്ങളെ കരുവാളിപ്പിച്ചു. തന്റെ വാഗ്ദാനം പൂർത്തിയാക്കി. തന്റെ ദാസനായ ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനെ[റ] സഹായിച്ചു. ധിക്കാരികളായ നേതാക്കന്മാരെയും വിഗ്രഹങ്ങളെയും നശിപ്പിക്കുകയും ചെയ്തു. നിഷേധികളുടെ ഹൃദയത്തിൽ എത്രമാത്രം ആദരയുക്തമായ ഭയമുളവാക്കിയെന്നാൽ അവസാനം അവർ പിന്തിരിഞ്ഞ് മാനസാന്തരപ്പെട്ടു. ഇതുതന്നെയായിരുന്നു ഖഹ്ഹാറായ അല്ലാഹുവിന്റെ വാഗ്ദാനവും. അവൻ എല്ലാ സത്യവാനിലും വെച്ച് ഏറ്റവും വലിയ സത്യവാനാകുന്നു. ആയതിനാൽ ചിന്തിച്ച് നോക്കുവിൻ എങ്ങനെയാണ് ഖിലാഫത്തിന്റെ വാഗ്ദാനം അതിന്റെ എല്ലാ നിബന്ധനകളോടും ലക്ഷണങ്ങളോടുംകൂടി ഹദ്റത്ത് അബൂബക്ർ സിദ്ദീഖിന്റെ അസ്തിത്വത്തിൽ പൂർത്തിയായതെന്ന്!' *(സിർറുൽ ഖിലാഫ ഉർദുതർജമ പേജ് 47-50, പ്രസാധകർ നളാറത്ത് ഇശാഅത്ത്)*

പിന്നീട് ഖാലിദിനെ കുറിച്ചുള്ള വിവരണമുണ്ടായി. അദ്ദേഹം യമാമ യുദ്ധ നടപടിക്കുശേഷം അവിടത്തന്നെ താമസിക്കുകയായിരുന്നു. ഇറാഖിലേക്ക് പുറപ്പെടാൻ അപ്പോൾ ഹദ്റത്ത് അബൂബക്ർ[റ]അദ്ദേഹത്തിനെഴുതി.*(താരീഖ് അത്ത്വബരി വാള്യം 2, പേജ് 307, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 2012)*

ഒരു നിവേദനത്തിൽ വരുന്നു. ഹദ്റത്ത് അലാഅ് ബിൻ ഹള്റമി ഹദ്റത്ത് അബൂബക്റിനോടു സൈന്യത്തെ ആവശ്യപ്പെട്ടു. അവിടന്ന് വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കാൻ ഹദ്റത്ത് ഖാലിദ് ബിൻ വലീദിന് നിർദ്ദേശം നൽകിക്കൊണ്ട് ഒരു കത്തെഴുതി. അദ്ദേഹം അവിടെ സഹായത്തിനെത്തി ഹുത്വമിനെ വധിച്ചു. ശേഷം അവരോടൊപ്പം ചേർന്നു ഖുത്വ വളഞ്ഞ് ഉപരോധിച്ചു. ഖുത്വ യമനിൽ അബ്ദു ഖയ്സ് ഗോത്രം അധിവസിക്കുന്ന സ്ഥലമായിരുന്നു. അവിടെ ഒരുപാട് ഈന്തപ്പനകൾ ഉണ്ടായിരുന്നു. തുടർന്ന് ഹദ്റത്ത് അബൂബക്ർ അവരോട് ഇറാഖിലേക്ക് പോകാൻ ഞാൻ കൽപ്പിച്ചു അങ്ങനെ അവർ ബഹ്റയ്നിൽ നിന്നു അങ്ങോട്ടു പുറപ്പെട്ടു.*(ഫതൂഹുൽബുൽദാൻ, ബിലാദരീ മുത്തർറജിം പേജ് 135, പ്രസാധകർ നഫീസ് അക്കാഡമി കറാച്ചി)(മുഅജമുൽബുൽദാൻ, വാള്യം 2, പേജ് 433)*

മുജ്ജാഅ ബിൻ മുറാറയുടെ മകളെ ഹദ്റത്ത് ഖാലിദ് വിവാഹം ചെയ്തത് സംബന്ധിച്ച ആക്ഷേപങ്ങൾ ഉയരാറുണ്ട്. അത് സംബന്ധിച്ച് ചരിത്ര ഗ്രന്ഥങ്ങളിലും ജീവചരിത്രങ്ങളിലും ഇപ്രകാരം വന്നിരിക്കുന്നു: 'യമാമ യുദ്ധത്തിന് പരിസമാപ്തി വരികയും ബനുഹനീഫായിലെ ജീവനോടെ അവശേഷിച്ച ആളുകളുമായി രഞ്ജിപ്പിന്റെ ഉടമ്പടി നടക്കുകയും ചെയ്തശേഷം ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ വിവാഹം നടക്കുകയുണ്ടായി. അതെക്കുറിച്ച് ഇങ്ങനെ വിവരണം ലഭിക്കുന്നുണ്ട്. ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ അബൂബക്റിന് ഈ വിവാഹത്തെ സംബന്ധിച്ചുള്ള അറിവ് ലഭിച്ചപ്പോൾ അദ്ദേഹം ഹദ്റത്ത് ഖാലിദിനോട് നീരസപ്പെട്ടു. എന്നാൽ, അനന്തരം ഹദ്റത്ത് ഖാലിദ് അതേക്കുറിച്ച് എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു കത്ത് അദ്ദേഹത്തിന് സമർപ്പിക്കുകയുണ്ടായി. അപ്പോൾ ഹദ്റത്ത് അബൂബക്റിന്റെ നീരസം മാറി. അതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്: 'സമാധാന കരാറുണ്ടായ ശേഷം മുജ്ജാഅയോട്, ഹദ്റത്ത് ഖാലിദ്[റ] തനിക്ക് അയാളുടെ മകളെ വിവാഹം ചെയ്തു തരണമെന്ന് ആവശ്യപ്പെടുകയുണ്ടായി. മുജ്ജാഅയ്ക്ക്, മാലിക്ക് ബിൻ നുവയ്റയുടെ ഭാര്യ ലയ്‌ലാ ഉമ്മു തമീമിന്റെ സംഭവവും ഹദ്റത്ത് ഖാലിദിന്റെ അവരുമായുള്ള വിവാഹത്തിൽ അദ്ദേഹത്തിനോടു അബൂബക്റിനുള്ള വെറുപ്പും അറിയാമായിരുന്നു. അതുകൊണ്ട് അയാൾ പറഞ്ഞു: അങ്ങനെ ചെയ്യാൻ വരട്ടെ, താങ്കൾ എനിക്കും ബുദ്ധിമുട്ടു

ണ്ടാക്കി തീർക്കും അതുപോലെ സ്വയം ഹദ് റത്ത് അബൂബക്റിന്റെ ശാസനയിൽ നിന്നു രക്ഷപ്പെടുകയും ഇല്ല. എന്നാൽ, ഹദ്റത്ത് ഖാലിദ് തന്റെ ആവശ്യത്തിൽ ഉറച്ചുനിന്നു. അങ്ങനെ അയാൾ തന്റെ മകളെ അദ്ദേഹത്തിന് വിവാഹം ചെയ്തു കൊടുത്തു. യമാമയിൽ നിന്നുള്ള വാർത്തകൾക്കായി എപ്പോഴും അബൂബക്ർ കാത്തു നിൽക്കുമായിരുന്നു. ഹദ് റത്ത് ഖാലിദിന്റെ ദൂതനെ അദ്ദേഹം എപ്പോഴും പ്രതീക്ഷിച്ചിരിക്കുമായിരുന്നു. ഒരിക്കൽ അദ്ദേഹം ഒരു വൈകുന്നേരം അൻസ്വാറും മുഹാജിറുകളും അടങ്ങിയ ഒരു സംഘത്തോടൊപ്പം ഒരു സ്ഥലത്ത് ചെന്നു. അവിടെ അദ്ദേഹം ഹദ്റത്ത് ഖാലിദിന്റെ ദൂതനായ അബൂഖയ്ഥമയെ കണ്ടു. അദ്ദേഹത്തെ കണ്ടതും അബൂബക്ർ എന്തൊക്കെയാണ് വാർത്തകളെന്ന് തിരക്കി. അദ്ദേഹം പറഞ്ഞു: എല്ലാം നല്ലതുതന്നെ. അല്ലയോ അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയായുള്ളോവേ! നമുക്ക് യമാമയിൽ വിജയം ലഭിച്ചിരിക്കുന്നു താങ്കൾക്കുള്ള ഖാലിദിന്റെ കത്ത് സ്വീകരിച്ചാലും. അബൂബക്ർ ഉടൻ അല്ലാഹുവിനെ സാഷ്ടാംഗം പ്രണമിച്ചു. എന്നിട്ട് പറഞ്ഞു, യുദ്ധനടപടികൾ എന്തൊക്കെയായിരുന്നുവെന്ന് എനിക്ക് പറഞ്ഞു തരിക. ഇതുസംബന്ധിച്ച് മുമ്പേയും ഒരു നിവേദനം ഉദ്ധരിച്ചതാണ്. ഏതായാലും അബൂഖയ്ഥമ വിശദവിവരങ്ങൾ വിവരിച്ചുകൊണ്ട് ഖാലിദിന്റെ പ്രവർത്തനങ്ങളും സൈനിക ക്രമീകരണവും ഏതൊക്കെ സ്വഹാബാക്കൾ ശഹീദായെന്നും എപ്രകാരമാണ് ശത്രുവിന്റെ പരജയമുണ്ടായതെന്നും തങ്ങൾക്ക് നല്ലപോലെ അറിയാത്ത പല കാര്യങ്ങളും അവർ തങ്ങളെ ശീലിപ്പിച്ചുവെന്നുമെല്ലാം പറഞ്ഞു.

ഹദ്റത്ത് ഖാലിദിന്റെ വിവാഹത്തെ സംബന്ധിച്ചും പറഞ്ഞു. അതുകേട്ട് അബൂബക്ർ അദ്ദേഹത്തിന് ഇപ്രകാരം കത്തെഴുതി. അല്ലയോ ഉമ്മുഖാലിദിന്റെ മകനേ! നിനക്ക് വിവാഹം കഴിക്കാനാണോ ഇപ്പോൾ തിടുക്കം? നിന്റെ മുറ്റത്ത് 1200 മുസ്‌ലിമീങ്ങളുടെ രക്തം ഉണങ്ങിയിട്ടു പോലുമില്ല. മാത്രമല്ല മുജ്ജാഅ നിന്നെ പറ്റിച്ച് ഉടമ്പടിയും ചെയ്തിരിക്കുന്നു. അല്ലാഹു നിങ്ങൾക്ക് അവർക്കുമേൽ മേക്കോയ്മ നൽകിയതുമാണ്. മുജ്ജാഅയുമായി സന്ധി ചെയ്തതും അയാളുടെ മകളെ വിവാഹം ചെയ്തതും കാരണം അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയായ അബൂബക്റിന്റെ ഉഗ്രശാസനം അദ്ദേഹത്തിന് നേരിടേണ്ടിവന്നു. ഉടൻതന്നെ അതിനുള്ള മറുപടിയായി അദ്ദേഹം കത്തുമുഖേന അബൂബക്റിന്റെ മുമ്പിൽ തന്റെ നയം വ്യക്തമാക്കുകയും തന്റെ ഭാഗം ന്യായീകരിച്ചുകൊണ്ട് ഇപ്രകാരം എഴുതുകയും ചെയ്തു; അമ്മാ ബഅ്ദ്, സന്തോഷാവസ്ഥ സംജാതമാകുകയും എല്ലാം കെട്ടടങ്ങുകയും ചെയ്ത ശേഷമാണ് ഞാൻ വിവാഹം ചെയ്തത്. മദീനയിലെത്തിയശേഷം ഞാൻ വിവാഹ സന്ദേശം അയച്ചാലും നിഷേധിക്കാത്ത ഒരു വ്യക്തിയുടെ മകളെയാണ് ഞാൻ വിവാഹം ചെയ്തത്. ഞാൻ നിലവിലുള്ള സ്ഥലത്തുവച്ചുതന്നെ സന്ദേശം അയക്കുന്നതിനു മുൻഗണന നൽകി എന്ന കാര്യത്തിൽ എന്നോട് ക്ഷമിക്കുക. ദീനും ദുൻയാവും വെച്ചു നോക്കുമ്പോൾ ഈ വിവാഹം താങ്കൾക്ക് അനിഷ്ടകരമായതാണെങ്കിൽ ഞാൻ താങ്കളുടെ ഇഷ്ടം പൂർത്തിയാക്കാൻ തയ്യാറാണ്. വധിക്കപ്പെട്ടവരുടെ അനുശോചനമാണ് വിഷയമെങ്കിൽ എനിക്ക് പറയാനുള്ളത് വിഷമിച്ചതുകൊണ്ടും സങ്കടപ്പെട്ടതുകൊണ്ടും ആരെയെങ്കിലും ജീവനോടെ നിലനിറുത്താൻ പറ്റുമെങ്കിൽ അല്ലെങ്കിൽ മരിച്ചവരെ തിരിച്ചുകൊണ്ടുവരാൻ പറ്റുമെങ്കിൽ എനിക്കുണ്ടായ സങ്കടദുഃഖങ്ങൾ കാരണം അങ്ങനെ ആളുകൾ ജീവനോടെ ഇരിക്കുകയും മൃതർ ജീവിതത്തിലേക്ക് തിരിച്ചു വരികയും ചെയ്തേനെ! ജീവിതത്തെക്കുറിച്ച് ഹതാശയനും മരണം സുനിശ്ചിതമായ അവസരത്തിലുമണ് ഞാൻ ആക്രമണം നടത്തിയത്. മുജ്ജാഅയുടെ വഞ്ചനയെ കുറിച്ച് പറയുകയാണെങ്കിൽ, ഞാൻ എന്റെ അഭിപ്രായത്തിൽ തെറ്റൊന്നും ചെയ്തിട്ടില്ല. എന്നാൽ, എനിക്ക് അദൃശ്യജ്ഞാനം ഇല്ലേയില്ല. എന്തുതന്നെയായാലും ഒടുവിൽ അല്ലാഹു മുസ്‌ലിമീങ്ങൾക്ക് നന്മയാണ് വരുത്തിയത്. അവരെ ഭൂമിക്ക് അനന്തരാവകാശികളാക്കി. മുത്തഖീങ്ങൾക്കാണ് ശുഭപര്യവസാനം ഉണ്ടാകുക.' അബൂബക്റിന് ഈ കത്ത് ലഭിച്ചപ്പോൾ അദ്ദേഹത്തിന്റെ കോപം തണുത്തു. ആ കത്ത് കൊണ്ടുവന്ന ഖുറയ്ശീസംഘം ഖാലിദിനുവേണ്ടി ക്ഷമാപണം നടത്തിയപ്പോൾ അബൂബക്ർ പറഞ്ഞു: 'ശരി, നിങ്ങൾ സത്യമാണ് പറയുന്നത്.' അങ്ങനെ അദ്ദേഹം ഖാലിദിന്റെ വിശദീകരണവും ക്ഷമാപണവും സ്വീകരിച്ചു. *(അൽഇക്തിഫാ വാള്യം 2, ഭാഗം 1, പേജ് 69-70, ആലമുൽകുതുബ് ബെയ്റുത്ത് 1997)(സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, ഡോക്ടർ അലീ മുഹമ്മദു സ്വലാബീ, ഉർദു തർജമ പേജ് 367-368)*

ഇൻശാ അല്ലാഹ് ബാക്കിയുള്ള ഭാഗം പിന്നീട് വിവരിക്കുന്നതായിരിക്കും, മുർത്തദ്ദീങ്ങളുടെ സംഭവം ഇവിടെ പൂർത്തിയായി.

...☆...☆☆...☆...

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

mta INTERNATIONAL
WATCH LIVE
for children's classes, friday sermons, and more

## ഖുത്വ്ബ തുടർച്ച

**(സീറത്തുന്നബി സ്പെഷ്യൽ പേജ് 11 കോളം 3-ൽ നിന്ന് ഖുത്ബ 3-6-2022 തുടർച്ച...)**

അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുകയും തന്റെ ഇഷ്ടമുള്ളവരുടെ പാദങ്ങളിൽ ഇടം കൊടുക്കുകയും ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യക്കും മക്കൾക്കും ക്ഷമയും സ്ഥൈര്യവും നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ തുടരാനുള്ള തൗഫീഖ് അവർക്കു നൽകുമാറാകട്ടെ. അദ്ദേഹം കാണിച്ചതുപോലെയുള്ള കൂറോടുകൂടി അദ്ദേഹത്തിന്റെ സന്തതികൾക്കും ജീവിതം നയിക്കാൻ കഴിയുമാറാകട്ടെ.

അടുത്ത അനുസ്മരണം റബ്‌വയിലെ മുഹമ്മദ് അഹ്‌മദ് ശാരിമിനെ കുറിച്ചാണ്. ഈ കുട്ടി 16-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ ഖിലാഫത്തിന് തന്നെ അർപ്പണം ചെയ്ത സുസ്മേര വദനനായ ഏവർക്കും പ്രിയപ്പെട്ട കുട്ടിയായിരുന്നു. ജമാഅത്തിന്റെ സാമ്പത്തിക പദ്ധതികളിൽ വളരെ താൽപര്യപൂർവ്വം പങ്കെടുത്തിരുന്നു. ജമാഅത്തിന്റെ പ്രോഗ്രാമുകളിൽ മുൻപന്തിയിൽ ഉണ്ടായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസി ആയിരുന്നു. ഈ പ്രായത്തിൽതന്നെ വസിയ്യത്ത് ചെയ്തിരുന്നു. സന്തപ്ത കുടുംബത്തിൽ മാതാപിതാക്കളെ കൂടാതെ രണ്ടു സഹോദരിമാരുമുണ്ട്. അല്ലാഹു എല്ലാവർക്കും സഹനവും സ്ഥൈര്യവും നൽകുമാറാകട്ടെ.

മൂന്നാമത്തെ അനുസ്മരണം മർഹൂം റശീദ് അഹ്‌മദ് സാഹിബിന്റെ ഭാര്യ സലീമ ഖമർ സാഹിബയെ കുറിച്ചാണ്. അവർ മെയ് 16-നു വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയ ആയിരുന്നു. അവരുടെ കുടുംബത്തിൽ അഹ്‌മദിയ്യത്ത് എത്തിയത് അവരുടെ പിതാവ് ചൗദ്ദരീ സിദ്ദീഖ് സാഹിബിന്റെ മാതാമഹൻ ഹദ്റത്ത് മൗലവി വസീറുദ്ദീൻ സാഹിബ് ഓഫ് മൂഖേരിയാ വഴിയാണ്. ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്വഹാബിയായിരുന്നു. കാങ്കടയിൽ ഹെഡ്മാസ്റ്റർ ആയിരുന്നു. മൗലവി ഫാളിൽ ആയിരുന്ന അദ്ദേഹത്തിന്റെ പിതാവ് ചൗദ്ദരീ മുഹമ്മദ് സിദ്ദീഖ് സാഹിബ് ജമാഅത്തിലെ ഒരു ആദരണീയനായ വ്യക്തിത്വമായിരുന്നു. നീണ്ടകാലം ഇൻചാർജ് ഖിലാഫത്ത് ലൈബ്രറി എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. നീണ്ടകാലത്തോളം റബ്‌വയിൽ സ്വദ്ർ ഉമൂമി എന്ന നിലയ്ക്കും സേവനം ചെയ്തിട്ടുണ്ട്. മൗലവി സാഹിബിന്, അതായത് സലീമാ ഖമർ സാഹിബിന്റെ പിതാവിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ നിർദേശപ്രകാരം റബ്‌വ സ്ഥാപിച്ച സമയത്ത്

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ — Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 21 July 2022 Issue-29

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

കൂടാരങ്ങൾ കെട്ടാനും ആദ്യത്തെ രാത്രി റബ്വയിൽ താമസിക്കാനുമുള്ള അവസരം ലഭിച്ചിട്ടുണ്ട്. പരേത ആദ്യ കാല വിദ്യാഭ്യാസം റബ്വയിൽ നിന്ന് ആണ് കരസ്ഥമാക്കിയത്. പിന്നെ തഅ്ലീമുൽ ഇസ്‌ലാം കോളേജിൽ നിന്നാണ് അറബി പാസായത്. വിവിധ ഡിപ്പാർട്ട്മെന്റുകളിൽ സേവനം ചെയ്തിരുന്നു. 1972 മുതൽ 82 വരെ ലജ്ന ഇമാഇല്ലാഹ് ലോക്കൽ ജനറൽ സെക്രട്ടറിയായി സേവനം ചെയ്തിട്ടുണ്ട്. 82 മുതൽ 87വരെ അമത്തുൽ ഹയ് ലൈബ്രറിയിൽ ലൈബ്രേറിയൻ ആയിരുന്നു. 87 മുതൽ 2018 വരെ 31 വർഷം മിസ്ബാഹ് മാസികയുടെ എഡിറ്ററായി പ്രവൃത്തിച്ചു. ഒരു കാലയളവിൽ ഒരുപാട് പ്രതിസന്ധി ഉണ്ടായിട്ടും അവർ ഈ മാസികയെ നല്ല രീതിയിൽ നടത്തിക്കൊണ്ടുപോയി. മർഹുമാ വളരെ നല്ല സ്വാഭാവത്തിന് ഉടമയും ആരാധനകൾ അനുഷ്ഠിക്കുന്നവരും ദുആകളിൽ വ്യാപൃതയാകുന്നവരും ലളിത ജീവിതത്തിന് ഉടമയുമായിരുന്നു. പതിവായി തഹജ്ജുദ് നമസ്കാരം കൂടാതെ നഫ്‌ലി നമസ്കാരങ്ങൾ ളുഹാ ഇശ്റാഖ് നമസ്കാരങ്ങളും അനുഷ്ഠിച്ചിരുന്നു. അഹ്മദിയ്യ ഖിലാഫത്തുമായി വളരെ ആത്മാർഥതയും കൂറും പുലർത്തിയിരുന്നു. അവരുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ദുആ വളരെ പ്രകടമായിരുന്നു. മലക്കിന്റെ സ്വാഭാവമുള്ള വനിതയായിരുന്നു. എല്ലാവരോടും സ്നേഹ വാത്സല്യമുണ്ടായിരുന്നു. ആരോടും വെറുപ്പ് കാണിച്ചിരുന്നില്ല. അല്ലാഹു മർഹൂമയോട് മഗ്ഫിറത്തോടും കാര്യണ്യത്തോടുംകൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകൾ തുടർന്നുകൊണ്ട് പോകാൻ തൗഫീഖ് നൽകുമാറാകട്ടെ.

പേജ് 1 ൽ നിന്ന്

ചുരുക്കത്തിൽ ജനങ്ങൾ നുബുവ്വത്തിന്റെ കാലഘട്ടത്തിൽനിന്ന് അകലുന്തോറും അതിന്റെ അവകാശങ്ങൾ ചില കുടുംബങ്ങളുടെ കൈയിൽ അനന്തരാവകാശമെന്ന നിലയിൽ ചെന്നെത്തുന്നു. പൊതുജനങ്ങൾ ദീനിന്റേയും ദുൻയാവിന്റേയും കാര്യത്തിലും അഭിപ്രായം പറയുന്നതിനോ നിർദേശം നല്കുന്നതിനോ യോഗ്യരാണെന്ന് മനസ്സിലാക്കപ്പെടുന്നില്ല. ഈ വ്യത്യാസവും പ്രത്യേകതും പേരിനുമാത്രമുള്ള യോഗ്യതയുടെ ഫലമെന്ന് നിശ്ചയിക്കപ്പെടുന്നു. ഒരു രാജാവിന്റെ വിഡ്ഢിയായ മകൻ ലോകത്തിലെ ഏറ്റവും വലിയ ബുദ്ധിമാനായി മനസ്സിലാക്കപ്പെടുന്നു. ആ അജ്ഞൻ സ്വയം എത്രമാത്രം അഹങ്കാരിയായി തീരുമെന്നാൽ, ലോകത്തിന്റെ മുമ്പിൽ തന്റെ ഏതെങ്കിലും വിഡ്ഢിത്തപരമായ വിളബംരം ചെയ്യുമ്പോൾ, രാജാവ് തന്നെ കുറിച്ച് ബുദ്ധിപരമല്ലാത്ത വാക്കുകൾ ഉപയോഗിക്കുകയും ജനങ്ങളുടെ ഗുണത്തിനുവേണ്ടി ഇപ്രകാരമുള്ള ഉന്നതമായ പദ്ധതി ചിന്തിച്ചിരിക്കുന്നുവെന്ന് വിളംബരം ചെയ്യിക്കുകയും ചെയ്യുന്നു. ചിലപ്പോൾ അയാൾ ഇത്തരത്തിലുള്ള വിളംബരം ചെയ്യുന്നു. ഇന്ന കാര്യത്തിൽ ഭരണാധികാരി അവരോടൊപ്പം പങ്കാളിയാണെന്നത് ജനങ്ങളുടെ സൗഭാഗ്യമാണ്! എത്രത്തോളം അയാൾവിഡ്ഢിയാകുന്നുവോ അത്രത്തോളം കൂടുതൽ പൊങ്ങച്ചം പറയുകയും ചെയ്യുന്നു.

ഇതേ അവസ്ഥതന്നെയാണ് മതപരമായ ലോകത്തിന്റേതും. ഉലമാഇന്റെ മക്കൾ അർദ്ധഅറിവുമായും ചിന്തിക്കാനും ആലോചിക്കാനമുള്ള കഴിവില്ലാതേയും ഉലമാഇന്റെ മക്കളാണെന്ന പേരിൽമാത്രം ശേയ്ഖന്മാരിൽപ്പെട്ടവരെന്ന് പറയപ്പെടുകയും ഒരു തെളിവും ചോദിക്കാതെ തങ്ങൾ പറയുന്നത് അംഗീകരിച്ചുകൊള്ളണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. ആരാണോ അവരുടെമുമ്പിൽ അല്ലാഹുവിന്റെ ഗ്രന്ഥം വെക്കുന്നത് അവരെ ആജീർണിച്ച കഥകളും നിരർഥമായ നിവേദനങ്ങളും കൊണ്ട് – അതിന് അവരുടെപക്കൽ തെളിവുകളൊന്നുമില്ലതാനും – നിഷേധിക്കുന്നവർ എന്ന് പറഞ്ഞ് കാഫിറെന്നും മുർത്തദ്ദെന്നും മുദ്രകുത്തുന്നു.

അത്തരം കാലത്ത് ഒരു നബി മാത്രമെ പ്രയോജനപ്പെടുകയുള്ളു. അവർക്കമാത്രമെ അക്കാര്യങ്ങളെ ചികിത്സിക്കാൻ പറ്റുകയുള്ളു. അവർ വെളിപ്പെടുമ്പോൾ തങ്ങളെ ആലിം എന്നു സ്വയം പറയുന്ന ആ അജ്ഞർ അവരെ തിരിച്ചറിയുന്നതിൽനിന്ന് പിന്തള്ളപ്പെടുന്നു. ജാഹിൽ എന്ന പേരിൽ അറിയപ്പെട്ട ആ ആലിം തന്റെ ഉൾക്കാഴ്ചയും പരിശുദ്ധ പ്രകൃതിയും കാരണത്താൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്യുന്നു. അപ്പോൾ മലക്കുകളും ശയ്ത്വാനുംതമ്മിലുള്ള പോരാട്ടം തുടങ്ങുന്നു. അർഹരല്ല എന്ന് മനസ്സിലാക്കപ്പെട്ടിരുന്നവർ കഴിവുകളുടെപേരിൽ മനുഷ്യകുലത്തെ അടിമകളാക്കിവെക്കുന്നവരുടെ ഓരോരോ പദ്ധതിയേയും കഴുകൻ ശവത്തെ കൊത്തിവലിച്ച് ഇറച്ചി കല്ലുകളിന്മേൽ അടിക്കുന്നതുപോലെ ചീളുകളാക്കിയിടുന്നു. സ്വയം കഴിവുളളവരെന്ന് ഞെളിഞ്ഞവരുടെ കഴിവുകളെ വിപാടനം ചെയ്യുന്നു. കാലങ്ങളായി അടിച്ചമർത്തപ്പെട്ടവരായി കഴിഞ്ഞ സാധാരണക്കാർക്ക് വീണ്ടും ഉയിർത്തെഴുന്നേൽക്കാൻ അവസരം ലഭിക്കുന്നു. മനുഷ്യത്വം വീണ്ടും സ്വാതന്ത്ര്യത്തിന്റെ ശ്വാസമെടുക്കുന്നു. ഈ വിഷയമാണ് ഈ ആയത്തിൽ വിവരിക്കപ്പെടുകയും പറയപ്പെടുകയും ചെയ്തിരിക്കുന്നത്. അതായത് ആരുടെ കൈയിലാണോ അല്ലാഹുവിന്റെ നിഅ്മത്ത് വരുന്നത് അവർ, അവർ അടിമകളാക്കിവെച്ചവരെ ഒരിക്കലും തങ്ങളുടെ ഓഹരിയിൽ തുല്യമായ പങ്കാളിയാക്കുകയില്ല. എപ്പോഴെങ്കിലും മനുഷ്യകുലത്തിന് അത്തരക്കാർ സ്വതന്ത്രമായി അഭിപ്രായം പറയുന്നതിനും സ്വതന്ത്രമായി കർമങ്ങൾ ചെയ്യുന്നതിനും അനുവാദം നല്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ പിന്നെ നബിമാരല്ലാതെ – അവർ ഇടയ്ക്കിടെ വന്ന് ലോകത്തിന് സ്വാതന്ത്ര്യം പ്രദാനം ചെയ്യുന്നു – മറ്റാരാണ് മനുഷ്യപുരോഗതിക്ക് നിമിത്തമായിട്ടുളളത്? ഈ തെളിവിൽ നുബുവ്വത്തിന്റെ കർമപരമായ ആവശ്യത്തെ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതെത്രമാത്രം ശക്തമായ തെളിവാണെന്നാൽ, ഉൾക്കാഴ്ചയുളളവർ ഓരോരുത്തരും അതു കണ്ട് ഇതു സമ്മതിക്കാതിരിക്കുകയില്ല. അതായത് നുബുവ്വത്ത് കൂടാതെ ഒരിക്കലും ലോകത്തിന് അതിന്റെ അവകാശങ്ങളെ നിലനിറുത്താൻ സാധ്യമല്ല. ഈ നിഅ്മത്ത് ലോകത്തിന് ആവർത്തിച്ച് കിട്ടാത്തിടത്തോളം മനുഷ്യന്റെ ചുവട് പുരോഗതിയിലേക്ക് ഉയരുകയില്ല.

***അഫബിനിഅ്മത്തില്ലാഹി യജ്ഹദൂൻ*** എന്നു പറഞ്ഞുകൊണ്ട് സാധാരണക്കാരോടു നിങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് ഈ റസൂൽ വന്നിട്ടുളളതെന്ന് പറഞ്ഞിരിക്കുന്നു. നിങ്ങളാണെങ്കിൽ ഈ നിഅ്മത്തിന് നന്ദികേടു കാണിച്ചുകൊണ്ട് അന്യായമായ നിലയിൽ നിങ്ങളുടെ അവകാശങ്ങൾക്കുമേൽ ആധിപത്യം സ്ഥാപിച്ചുകൊണ്ടിരിക്കുന്ന ആ അക്രമികളോടൊപ്പം ചേർന്നുകൊണ്ട് പ്രവർത്തിക്കുകയാണ്.*(തഫ്സീറെ കബീർ വാള്യം 4, പേജ് 198, പ്രസാധനം 2010 ഖാദിയാൻ)*

**127 – ാമത് ജൽസസാലാന ഖാദിയാൻ 2022 ഡിസംബർ 23, 24, 25 തിയതികളിൽ**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽഅസീസ് 127 – ാമത് ഖാദിയാൻ ജൽസ 2022 ഡിസംബർ 23,24,25 തിയതികളിൽ (വെള്ളി, ശനി ഞായർ)നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന് നിയ്യത്തോടുകൂടി തയ്യാറെടുപ്പ് തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ജൽസസാലാന എല്ലാവിധത്തിലും വിജയപ്രദവും അനുഗൃഹീതവും അപ്രകാരംതന്നെ ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തവും ആകുന്നതിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക.*(നാള്വിർ ഇസ്വ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

❖❖❖

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin